# കൈരളി

പുസ്തകം ൨൨. | ൧൧൧൩ ചിങ്ങം | ലക്കം ൫.

## വിശ്വഭാരതി

—മേലങ്ങത്തു് അച്യുതമേനോൻ.

പകലിൻെറ വിളക്കിടിഞ്ഞെരി-
ഞ്ഞകലെത്താണു മാഞ്ഞ മായയിൽ
പുക കേറി നിറഞ്ഞ മേല്ക്കുമേൽ
മുകളിൽ തീപ്പൊരിയെപ്പതിക്കയായു്.

എരിതീപ്പൊരി മട്ടുമാറി നൽ-
ത്തെളിമുക്താവലിയായിതക്ഷണം;
അതുമല്ലവ പൂണ്ടു ശാന്തിത-
ന്നുറവുൾത്തിങ്ങിയ കോരകാകൃതി.

പുളകോത്സവമേററി വാനിനെ-
പ്പുണരാനെത്തിയ പൂവൽമൊട്ടുകൾ
ഇതളിട്ടു മിനുങ്ങവേ കിഴ-
ക്കൊരു വെൺതണ്ടലർ പൊങ്ങി ഭംഗിയിൽ.

പ്രകൃതിക്കെഴുമൈന്ദ്രനീലിയാം
വളഭിക്കാഭ വളർത്തൊരിസ്സുമം
തിരുശാന്തിനികേതനത്തിലെ-
ഗ്ഗുരുവിൻ പുണ്യസുധാസമുൽഗമം.

ധ്രുവമിദ്ദശമാര്യ്യചര്യ്യതൻ
വിജയാദശ്മുദിച്ചയന്നതിൽ
ഒരു ദിവ്യകലാലയത്തിനു-
ള്ളമലം മണ്ഡലമായി വിണ്ടലം.

നിഗമാത്മനിഗൂഢതത്ത്വഭി-
പ്രണുതവ്യാഖ്യകളാത്മമുഖ്യകൾ
വിരചിച്ചു വിളങ്ങുകീവിയൽ-
ഝരികാസാരസസൌഭഗോദയം.

പരമാത്മപദാപ്തി ലക്ഷ്യമായ്
പരമാഹ്ലാദഭരാൽ സമീക്ഷ്യമായ്
വിലസുന്നൊരിതിന്നു കൈതൊഴാ-
മിതുതാൻ ശാശ്വത 'വിശ്വഭാരതി.'

---

# ഫാസിസത്തിന്റെ സാമ്പത്തികാടിസ്ഥാനം.

—എ. മാധവമേനോൻ.

(തുടൎച്ച)

൪

മുതലാളിത്തത്തിന്റെ പ്രത്യേകസ്വഭാവം എന്താണ്? കച്ചവടമത്സരം. (Competition) 19-ാംനൂററാണ്ടു മുതൽ ആരംഭിച്ച വ്യാവസായിക വിപ്ലവം സാധനങ്ങളുടെ നിൎമ്മാണത്തിൽ അഭൂതപൂൎവ്വമായ ഒരു പരിവൎത്തനം വരുത്തി. യന്ത്രങ്ങൾ സാധനങ്ങളെ അധികമധികം നിൎമ്മിച്ചു, കൈത്തൊഴിലുകൾ ഉണ്ടാക്കുന്ന സാധനങ്ങളെ ചന്തകളിൽ പരാജയപ്പെടുത്തിത്തുടങ്ങി. ഏററവും ശക്തിയുള്ള ഹിമാലയൻ പൎവ്വതങ്ങളേയും, ചൈനയിലെ മതിലുകളെയും വ്യാവസായിക വിപ്ലവം അതിന്റെ ചില്ലറ സൃഷ്ടികളെക്കൊണ്ട് അടിച്ചമൎത്തി. കച്ചവടത്തിന്നു സ്വാതന്ത്ര്യം എന്ന ഒരു മുദ്രാവാക്യത്തിന്മേൽ വ്യവസായങ്ങളുടെ സൃഷ്ടികൾ ലോകത്തിന്റെ ഓരോ മൂലയിലും പാഞ്ഞുകയറി. വ്യാവസായിക രാജ്യങ്ങളിലെ കച്ചവടക്കാർ അവരുടെ കച്ചവടസാമഗ്രികൾകൊണ്ടു ലോകത്തിലെ എല്ലാ അപരിഷ്കൃതരെയും പരിഷ്കരിച്ചു. എന്നു വെച്ചാൽ അവരുടെ പരിഷ്കാരത്തെ, അന്നത്തെ അപരിഷ്കൃതരിൽ പ്രതിബിംബിച്ചു. വ്യാവസായികമുതലാളിത്തത്തിന്ന് ഇഷ്ടംപോലെ നടമാടാൻ ഒരു രംഗം—ഈ ലോകം മുഴുവനും—നിൎമ്മിച്ചു. യൂറോപ്യൻ രാജ്യങ്ങൾ ഓരോന്നും ഈ തോതിൽ വ്യവസായപരമായി വളൎന്നുവന്നു. വ്യവസായത്തിന്റെ വളൎച്ചയോടുകൂടി, പട്ടിണികിടക്കുന്ന വേലക്കാരും വൎദ്ധിച്ചുവന്നു. ഈ വേലക്കാൎക്കു ജോലിയുണ്ടാക്കുവാനും, ജോലിയുണ്ടാക്കിയ സാധനങ്ങൾ വിററഴിക്കുവാനും, യൂറോപ്യൻ രാജ്യങ്ങൾ ലോകത്തിലെ ഇതരഭാഗങ്ങളിലെ രാജ്യങ്ങളെ കയറിപ്പിടിച്ചു. ചുരുക്കിപ്പറയാം; വമ്പിച്ച പല സാമ്രാജ്യങ്ങളും വളരുവാനുള്ള വിത്തു പാകി.

കച്ചവടമത്സരം വൎദ്ധിച്ചും, ലോകത്തിൽ വളച്ച് നിലച്ചു മാൎക്കററുകൾ ഇല്ലാതായും വന്നപ്പോൾ, കച്ചവടത്തിന്നു കോട്ടം കണ്ടുതുടങ്ങി. അപ്പോൾ, കച്ചവടമത്സരം മാറി അതിന്റെ നേർ എതിരായ കുത്തകയായിത്തീൎന്നു. ഈ കുത്തകകളെ അധികം അധികം നടപ്പിൽ വരുത്തുവാൻ സാമ്രാജ്യങ്ങൾക്കു ചുററം അവർ കോട്ടകൾ പണിതു; പോരാ,

കോട്ടകൾക്കു ചുററും കിടങ്ങുകൾ നിൎമ്മിച്ചു; കിടങ്ങുകളിൽ വെള്ളം നിറച്ചു് അതിൽ മുതലകളെയുമിട്ടു. ഇങ്ങിനെ മുതലാളിത്തത്തിൻെറ ആദ്യം മുതലുള്ള വളൎച്ച ലോകത്തെ സാരമായി പുരോഗതി പ്രാപിപ്പിച്ചിട്ടുണ്ടെങ്കിലും ഇരുപതാം നൂററാണ്ടിൻെറ ആദ്യം മുതല്ക്കു്, * ചെമ്പർലെയിനിൻെറ കാലം മുതൽ, മുതലാളിത്തം സാമ്രാജ്യാധികാരിത്വം എന്ന നിലയ്ക്കു വളൎന്നു, പുരോഗമനത്തെത്തടയുന്ന ഒരു ശക്തിയായിത്തീൎന്നു. സാമ്രാജ്യാധികാരിത്വം വളൎന്നു 1914 മുതൽ 1918 വരെ ഭയങ്കരമായി നടന്ന ലോകമഹായുദ്ധമായി പൎയ്യവസാനിച്ചു. ആ അവസരത്തിൽ ലോകത്തിൻെറ ആറിൽ ഒരു ഭാഗം വരുന്ന റഷ്യാസാമ്രാജ്യം—യൂറോപ്പുമല്ല, ഏഷ്യയുമല്ല—യൂറോപ്പിലെ പരിഷ്കൃതരാജ്യങ്ങളായ ജൎമ്മനി ഇംഗ്ലണ്ടു തുടങ്ങിയ രാജ്യങ്ങളോളം വ്യാവസായികമായി അഭിവൃദ്ധിപ്പെട്ടിട്ടില്ല; രാഷ്ട്രീയമായ പ്രജായത്തഭരണം പോലും സ്ഥാപിച്ചിട്ടില്ല, അങ്ങിനെയുള്ള റഷ്യാ സാമ്രാജ്യം;—ഒരു വമ്പിച്ച വിപ്ലവത്തിൻെറ ഫലമായി സോഷ്യലിസ്ററു സമുദായഘടന നിൎമ്മിക്കുവാൻ പുറപ്പെട്ടു. ലോകത്തിൽ കച്ചവടകുത്തകകൾക്കും മററും അധികമധികം സ്ഥലങ്ങൾ ആവശ്യമായിരിക്കെ, ആറിൽ ഒരു ഭാഗം വരുന്ന റഷ്യയെ ചൂഷണം ചെയ്യാൻ സാമ്രാജ്യശക്തികൾക്കു കഴിവില്ലാതെ വന്നു. യൂറോപ്പിൽ ഈ സംഭവം ഒരു വമ്പിച്ച കോളിളക്കമുണ്ടാക്കി. 1789-ൽ നടന്ന ഫ്രഞ്ചു വിപ്ലവം യൂറോപ്പിലെ വളരെ രാജാക്കന്മാരുടെ കിരീടങ്ങളും സിംഹാസനങ്ങളും കളഞ്ഞതുപോലെ, 1917-ലെ റഷ്യൻ വിപ്ലവം യൂറോപ്പിലെ പല കുത്തകക്കാരെയും കഷ്ടത്തിലാക്കുമെന്നവർ ഭയപ്പെട്ടു. അതിനാൽ സാമ്രാജ്യാധികാരിത്വം, പൂൎവ്വപൂൎണ്ണമായി സ്വീകരിച്ചിരുന്ന പ്രജായത്തഭരണസമ്പ്രദായം വലിച്ചെറിഞ്ഞു ഫാസിസമായി രൂപാന്തരപ്പെട്ടു. ഫാസിസം ജൎമ്മനിയിലും ഇററലിയിലും മററു ചില യൂറോപ്യൻ രാജ്യങ്ങളിലും രാഷ്ട്രീയതത്വമായി സ്വീകരിച്ചുകഴിഞ്ഞു. പ്രജായത്തഭരണത്തിൻെറ ജന്മഭൂമിയായ ഇംഗ്ലണ്ടിൽ ഫാസിസം നാഷനൽ ഗവൎമ്മേണ്ടായും, പ്രജായത്തഭരണവാദികളുടെ ആദൎശരാജ്യമായ അമേരിക്കയിൽ അതു പ്രസിഡണ്ടു റൂസ്‌വെൽട്ടിൻെറ 'ന്യൂഡീലു' ആയും, ഫ്രാൻസിൽ ബ്രൂമൻറിൻെറ ഭരണമായും, സ്പെയിനിൽ ലെറൊ (Lerroux), സാംപർ (Samper) എന്നീ സ്വേച്ഛാധിപതികളുടെ ഭരണമായും നടമാടാൻ തുടങ്ങിയിട്ടു കുറച്ചു കാല

---

* ജോസഫ് ചേമ്പർലെയിൻ, ഇപ്പോഴത്തെ ബ്രിട്ടീഷ് പ്രധാന മന്ത്രിയുടെ അച്ഛൻ.

മായി. പ്രജായത്തഭരണവാദികൾ ഈ ഫാസിസ്ററശക്തികളുമായി നടത്തുന്ന സമരത്തിൻെറ മഹച്ചരിതം, ചരിത്രത്തിൽ സുവർണ്ണലിപികളിൽ കുറിക്കുന്ന ചില അദ്ധ്യായങ്ങളാണ്. ഇന്ത്യയിൽ പുതിയ "ഇന്ത്യാ ആക്ടാ"യിട്ടാണ് ഈ ഫാസിസം നടമാടാൻ തുടങ്ങിയിരിക്കുന്നതു്. മുതലാളിത്തത്തെ നിലനിർത്തുവാൻ പ്രതിലോമശക്തികൾ നടത്തുന്ന അവസാനസമരമാണ ഫാസിസത്തിൻെറ അടിക്കല്ലു്. സാമ്പത്തികമായി, രാജ്യത്തെ കുത്തകക്കാരായ ചുരുക്കം ചില മുതലാളിമാരുടെ സർവ്വാധിപത്യം നിലനിർത്തുവാനാണ ഫാസിസം ഉദ്ദേശിക്കുന്നതു്. ജർമ്മനിയെ ഭരിക്കുന്നതു് അവിടത്തെ 180 കോടീശ്വരന്മാരുടെ പ്രതിനിധികളായ 10 മുതലാളിമാരാണ്; ഇംഗ്ലണ്ടിനെ ഭരിക്കുന്നതു ലണ്ടനിലെ കച്ചവടക്കാരും ബാങ്കുകാരും, അവരുടെ സർവ്വാധിപതിയും, ബാങ്ക് ഓഫ് ഇംഗ്ലണ്ടിൻെറ ഡയറക്ടരുമായ മോൺടഗോനോർമ്മനുമത്രെ! 1936-വരെ ഫ്രാൻസിൽ, 200 കുഡുംബക്കാരുടെ വാഴ്ചയാണ നടന്നിരുന്നതു്. ഇങ്ങിനെ നോക്കുന്നതായാൽ, ഓരോ ഫാസിസ്ററ രാജ്യത്തിലും 'കുത്തകമുതലാളിത്തം' (Monopoly Capitalism) നടമാടുന്നതു കാണാം.

൨

കണക്കുകളെ പരിശോധിക്കുന്നതായാൽ സംഗതികൾ ഇതിലധികം വ്യക്തമാകുന്നതാണ്.

1929-ൽ സമാരംഭിച്ച സാമ്പത്തികാധഃപതനത്തിൻെറ ഏററവും ഭയങ്കരഘട്ടമായ 1932-ൽ കച്ചവടം 65 ശതമാനം ചുരുങ്ങിപ്പോയി. സാധനങ്ങളുടെ വിലയിടിവിന്നു വകവെച്ചു കൊടുക്കുന്നതായാൽതന്നെ സാധനങ്ങളുടെ കൈമാററം 40 ശതമാനത്തിലധികം കുറഞ്ഞു. ഇററലിയെ സംബന്ധിച്ചിടത്തോളം 1922—1929 കാലത്തു തന്നെ ഈ സാമ്പത്തികാധഃപതനം അവിടെ നിലനിന്നിരുന്നു. 100-ൽനിന്നു് 192 ആയി ലോകത്തിലെ വ്യാപാരം വൎദ്ധിച്ചപ്പോഴും ഇററലിയിൽ ആ വൎദ്ധന ഉണ്ടായിട്ടില്ല. ലോകമഹായുദ്ധം വീണ്ടും പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ ഇററലിയിലെ ജനങ്ങൾക്കു ചുരുങ്ങിയതോതിൽ ജീവിക്കുവാൻ സാധിക്കുമെന്നാണ സിനോർ മുസ്സോളിനി ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചതു്! ഇററലി 1935-36-ൽ അബിസീനിയയിൽ ബോമ്പും വിഷവായുവുമായി വമിച്ച ആ കോടിക്കണക്കിനുള്ള ഇററാലിയൻപണം, ഇററലിയിലെ ജനങ്ങളുടെ ജീവിത

ത്തോതിനെ വളരെ താഴ്ത്തിയിട്ടുണ്ട്. അതിനുമുമ്പുതന്നെ ഇററലിയിലെ കൃഷിക്കാരുടെ ദൈനന്ദിനമുള്ള വരവു ശരാശരി, (ഇന്ത്യൻ നാണ്യത്തിൽ) ആളൊന്നുക്ക് ഒരു ദിവസത്തേയ്ക്കു 4-പൈ മാത്രമായിരുന്നുവെന്നറിയുമ്പോൾ ഫാസിസ്ററ സംഘടന ഏററവും ബലപ്പെട്ടുനില്ക്കുന്ന രാജ്യത്തെ ഒരു സാധാരണക്കാരന്റെ ഇന്നത്തെ നില എന്തായിരിക്കുമെന്നൂഹിക്കുന്നതായിരിക്കും അധികം നല്ലതു്. ലോകത്തിൽ പരക്കെ സാമ്പത്തികാധഃപതനംകൊണ്ടു കച്ചവടം 65-ശതമാനം ചുരുങ്ങിയെന്നു പ്രസ്താവിച്ചുവല്ലോ. ഇതേ അവസരത്തിൽ വ്യാപാരം സോവിയററ യൂണിയനിൽ 100-മുതൽ 229-ശതമാനം വരെ വൎദ്ധിക്കുകയാണു ചെയ്തതെന്നും പ്രസ്താവ്യമാണ്. ഇതിന്നുമുമ്പുണ്ടായിട്ടുള്ള സാമ്പത്തികാധഃപതനസമയങ്ങളിൽ ഏററവും അധികം കുറവ് ഏഴു ശതമാനം മാത്രമായിരുന്നു. അതിനാൽ ഏതാണ്ടു പത്തുകൊല്ലംവീതം കഴിയുമ്പോൾ ഉണ്ടാവുന്ന സാമ്പത്തിക വിഷമഘട്ടങ്ങളുടെ കാഠിന്യം വൎദ്ധിച്ചുവരികയാണെന്നും ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. സാമ്പത്തികവിഷമഘട്ടങ്ങൾ തമ്മിലുള്ള കാലവ്യത്യാസം പത്തു കൊല്ലമായിരുന്നെങ്കിലും ഇന്നതു ചുരുങ്ങിച്ചുരുങ്ങി 5-കൊല്ലമായിരിക്കുന്നു. ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടുള്ള സാമ്പത്തികവിഷമഘട്ടങ്ങളിൽവെച്ച് ഏററവും ഭയങ്കരമായ 1929—33 വരെയുണ്ടായ സാമ്പത്തികാധഃപതനത്തിൽനിന്നു ലോകം ഉയൎന്നുകഴിഞ്ഞിട്ടില്ല; എന്നാൽ ഇപ്പോൾതന്നെ അടുത്ത വിഷമഘട്ടത്തെപ്പററി ലോകം ഉൽക്കണ്ഠയോടുകൂടി സംസാരിച്ചുതുടങ്ങിക്കഴിഞ്ഞു.

ലോകത്തിലെ സാധനങ്ങളുടെ ആകെയുള്ള നിൎമ്മാണശക്തിയും, ആയുധീകരണത്തിന്റെ ചിലവുകളും തമ്മിലുള്ള ബന്ധം ഒന്നു ശ്രദ്ധിച്ചു പരിശോധിച്ചുനോക്കേണ്ടതാണ്.

| കൊല്ലം. | നിൎമ്മാണശക്തി. | ആയുധീകരണം. |
|---|---|---|
| | (1928-ലെ രണ്ടു സംഗതികളും 100) | |
| 1913 | 54 | 64 |
| 1928 | 100 | 100 |
| 1929 | 104 | 104 |
| 1930 | 87 | 107 |
| 1931 | 69 | 104 |
| 1932 | 56 | 107 |

ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക, ജപ്പാൻ, ഇററലി എന്നീ രാജ്യങ്ങളുടെ ആയുധീകരണചിലവുകൾ:—

1913-ൽ 124·3 കോടി ഡോളർ (1 ഡോളർ=2¾ ഉറപ്പിക)

1930-ൽ 221 കോടി ഡോളർ.

വദ്ധന—78 ശതമാനം. ഇതും ലോകത്തിൽ പുനരായുധീകരണം ആരംഭിക്കുന്നതിനുമുമ്പാണ്. ലോകത്തിലെ ആകെയുള്ള ആയുധീകരണച്ചിലവുകൾ:—

1913 ... 253·1 കോടി ഡോളർ.

1925 ... 352·2 കോടി ഡോളർ.

1934 ... 490 കോടി ഡോളർ.

ഇതും 1935-ലേയും 1936-ലേയും പുനരായുധീകരണത്തിന്നു മുമ്പിലുള്ള ചിലവാണ്.

ബ്രിട്ടൻെറ ചിലവുകൾ:—

1932 ... 10¾ കോടി പവൻ.

1936 ... 16-കോടി പവൻ+2¾ കോടി പവൻ.

അതായതു നാലു കൊല്ലംകൊണ്ടു 78 ശതമാനം വദ്ധന. ഇതും 1936-ലെ പുനരായുധീകരണത്തിന്നുമുമ്പുള്ള കണക്കുകളാണ്.

അമേരിക്ക:

1933—63 കോടി ഡോളർ.

1936—116 കോടി ഡോളർ.

മൂന്നു കൊല്ലംകൊണ്ട് 85 ശതമാനം വദ്ധന.

ജപ്പാൻ:

1931 — 45·4 കോടി യെൻ.

1936 — 133·2 കോടി യെൻ.

5-കൊല്ലംകൊണ്ടു മൂന്നിരട്ടിച്ചു. വരവിൽ 5 -ശതമാനം ആയുധീകരണച്ചിലവും അതും പോരാതെ, കടം വാങ്ങി ആയുധം ഉണ്ടാക്കുകയും ചെയ്യുന്നു.

ജമ്മനി: 1933—35. 150 കോടിപവൻ.

യുദ്ധം മതമായി സ്വീകരിച്ചിട്ടുള്ള ഫാസിസത്തിൻെറ ഈ ആയുധീകരണശ്രമങ്ങൾ അവസാനത്തിൽ ലോകത്തെ ഒരു മഹായുദ്ധത്തിലേയ്ക്കാണ് എത്തിക്കുകയെന്നുള്ളതിന്നു ലോകത്തിലെ തൊഴിലില്ലായ്മയുടെ വദ്ധനതന്നെ സാക്ഷ്യം വഹിക്കുന്നു.

| 1929 | 1930 | 1931 | 1932 | 1933 | 1934 |
|---|---|---|---|---|---|
| 100, | 164, | 235, | 291, | 274, | 221 |

ഈ 221 : 100, കുറയുവാൻ യാതൊരു മാൎഗ്ഗവും ഇന്നത്തെ രാജ്യതന്ത്രജ്ഞന്മാൎക്കു കാണാൻ കഴിയുന്നില്ല.

൩

മേൽക്കാണിച്ച കണക്കുകൾ ഇന്നത്തെ ഫാസിസ്ററ സംഘടനകളുടെ സാമ്പത്തികമായ അനാഥസ്ഥിതിയെ വ്യക്തമാക്കുന്നു. ഫാസിസം വ്യക്തമായി അംഗീകരിക്കാത്ത സാമ്രാജ്യത്വശക്തികളും സാമ്പത്തികമായി, ഫാസിസത്തോടടുത്ത ഒരു നയമാണു സ്വീകരിച്ചിട്ടുള്ളതെന്നും മേല്പറഞ്ഞ കണക്കുകൾ വെളിവാക്കുന്നുണ്ടു്. ഇതിൻെറയെല്ലാം ഫലം ഇനിയും ഒരു ലോകമഹായുദ്ധം, അതിന്നുശേഷം ഒരു സാമ്പത്തികമായ അരാജകത്വം, ഒരു സാമ്പത്തികാധഃപതനം, പുനരായുധീകരണം, വീണ്ടും ഒരു ലോകമഹായുദ്ധം എന്നിങ്ങിനെ ആവൎത്തിക്കുന്ന ഒരു സംഭവപരമ്പരയല്ലെങ്കിൽ മറെറന്തായിരിക്കും? ലോകം ഇന്നു് ഈ ചോദ്യത്തിന്നു സമാധാനം പറയേണ്ടതായിട്ടാണു വന്നിരിക്കുന്നതു്. ഈ ചോദ്യത്തിൻെറ മറുപടിയാണു ലോകത്തിൻെറ ഭാവിയെ നിൎണ്ണയിക്കുന്നതും.

ഫാസിസം ഇന്നു ലോകത്തിന്നു പ്രദാനം ചെയ്തിട്ടുള്ള ഏക സംഭാവന—അതും വമ്പിച്ച ഒരു ചോദ്യചിഹ്നമാണു്. ലോകം അതിന്നുത്തരം പറയട്ടെ.

# കൊലപ്പുള്ളി.

—എം. എൻ. വാസുദേവൻ ഭട്ടതിരി.

I

ആ നീണ്ടുമെലിഞ്ഞ മനുഷ്യൻ അയാളുടെ ആദ്യത്തെ സന്ദൎശനത്തിൽ ഒരസ്വാരസ്യത്തെ—എന്തെന്നില്ലാത്ത ഒരപ്രീതിയെയാണു് ആ ഗ്രാമവാസികളിൽ ഉളവാക്കിയതു്. അയാൾ ഒരു സി. ഐ. ഡി.യോ ജയിൽപുള്ളിയോ ആണെന്നായിരുന്നു അവരുടെ ആശങ്ക മുഴുവനും. പക്ഷേ പിന്നീടാണു് അവൎക്കു പരമാൎത്ഥം വെളിപ്പെട്ടതു്. അയാൾ അങ്ങിനെയൊന്നും ഉള്ള ഒരാളല്ലെന്നു് അധികം താമസിക്കാതെ അവൎക്കു വിശ്വസിക്കേണ്ടതായി വന്നു. "എന്തു നീതിജ്ഞൻ, എന്തൊരു സത്യവാൻ, എത്ര ശാന്തശീലൻ, ഇങ്ങിനെ അടക്കവും ഒതുക്കവും ഉള്ള ഒരാളെ കാണുവാൻ സാധിക്കയില്ല" എന്നെല്ലാം ക്രമേണ അവർ അയാളെപ്പററി പറയുവാൻ തുടങ്ങി. ചുരുക്കത്തിൽ അഞ്ചാറു മാസങ്ങൾക്കിടയിൽ അയാൾ ആ ഗ്രാമവാസികൾക്കു തികച്ചും ആരാദ്ധ്യനായിത്തീൎന്നു. അവൎക്കു വിശേഷാൽ വല്ല അടിയന്തിരമോ മററു വല്ല വിശേഷങ്ങളോ വന്നാൽ ആ അജ്ഞാതപുരുഷനോടു ചോദിച്ചല്ലാതെ ഒന്നും ചെയ്യാറില്ല. എന്നാൽ അതിൽ ആളോ തരമോ നോക്കാതെ അന്യൂനാനതിരിക്തമായ ഒരു ഉപദേശംകൊണ്ടു് അയാൾ അവരുടെ ആവശ്യങ്ങൾക്കു യഥോചിതം സമാധാനങ്ങൾ നൾകിവന്നു. ഇങ്ങിനെയൊക്കെയായിരുന്നുവെങ്കിലും അയാൾക്കും ഒരു തരക്കേടുണ്ടായിരുന്നു. അതു് അയാളുടെ ജന്മദേശത്തേയോ, അച്ഛനമ്മമാരേയോ, തന്നെത്തന്നെയോ പററി ആരും ചോദിക്കുന്നതു് അയാൾക്കിഷ്ടമല്ലെന്നുള്ളതാണു്. ഇതെന്തൊരു നേരംപോക്കാണു്. ഒരാൾക്കു്—അതും വിവേകവും, വിശാലഹൃദയവും ഉള്ള ഒരാൾക്കു്—അയാളുടെ നാടിനേയോ ബന്ധുക്കളേയോ കുറിച്ചു സംസാരിക്കുന്നതു് ഇഷ്ടമല്ലത്രെ. മനുഷ്യൎക്കു് എല്ലാവൎക്കും തങ്ങളുടെ ജീവിതത്തിൽ ചില രഹസ്യങ്ങൾ ഉണ്ടാകും. അതില്ലാത്തവർ ചുരുക്കമാണു്. എല്ലാം അങ്ങിനെ വെട്ടിത്തുറന്നു വിടുന്നതു് ഒരു മാതിരി ഭോഷത്വമാണു്. പക്ഷേ ഇങ്ങിനെ ഒരാൾ—അതായതു് അന്യദേശത്തുവന്നു താമസിക്കുമ്പോൾ തന്റെ സ്വദേശത്തിന്റെ യാതൊരു വൎത്തമാനങ്ങളും പറയാൻ ഇഷ്ടപ്പെടാത്ത ഒരു മനുഷ്യൻ—ഉണ്ടാകുമോ എന്നു സംശയമാണു്. പക്ഷെ ആ മനുഷ്യനു്

അങ്ങിനെയാണ് എന്നു മാത്രമേ ഇപ്പോൾ പറഞ്ഞുകൂട്ടൂ. എന്നാലും ആ ഗ്രാമവാസികൾക്ക് അയാളെ ബഹു പത്ഥ്യമാണ്; ബഹുമാനമാണ്. അവക്ക് അപ്പം തിന്നാൽമതി, കുഴി എണ്ണണ്ടാ. ഇങ്ങിനെ മാസങ്ങൾ ചിലതുകൂടി കഴിഞ്ഞു. കൊല്ലം തന്നെയായി. ആ മനുഷ്യന്റെ ആകൃതിക്കോ പ്രകൃതിക്കോ പറയത്തക്ക യാതൊരു വ്യത്യാസവും വന്നില്ല.

## II

അടുത്തുള്ള പട്ടണത്തിൽനിന്നും ആളുകൾ ആ ഗ്രാമത്തിലേയ്ക്കു സാധാരണ വന്നും പോയും ഇരിക്കാറുണ്ട്. ഒരു നാടിന്റെ സ്ഥിതിയ്ക്കു ഈ ഗതാഗതം അനുപേക്ഷണീയമാണല്ലോ! എന്നാൽ പട്ടണവാസികൾക്കു മിടുക്കുകൂടും, സാമത്ഥ്യംകൂടും, പഠിപ്പുകൂടും ഇല്ലെങ്കിൽതന്നെ അവരുടെ അഭിമാനം അങ്ങിനെയാണ്. അതുകൊണ്ട് അവക്കു സാധാരണ നാടന്മാരെപ്പോലെ കാണുന്നതും കേൾക്കുന്നതും അങ്ങിനെ കണ്ണുമടച്ചു വിശ്വസിക്കുന്നതു് ഒരുമാതിരി കുറവാണ്. സ്നേഹം ഭക്തി മുതലായവ അവരുടെ അഭിപ്രായത്തിൽ ഒരുമാതിരി കൺകെട്ടാണ്. വെറും പൂച്ച്. അവർ പറയും: "അങ്ങിനെ ഒരു ഭക്തിയോ! എന്തെങ്കിലും ഒരു ന്യായം വേണ്ടേ! ഈ സ്നേഹത്തിന്നും, ഭക്തിക്കും മാറും. വെറും അന്ധവിശ്വാസം!" ഇതു് ഇന്നത്തെ യുവാക്കന്മാരിൽ സാധാരണ കാണാറുള്ള ഒരു മാതിരി രോഗമാണ്, അതേ ഒരുമാതിരി രോഗമാണതു്. ഇല്ലെങ്കിൽ മനുഷ്യർ വല്ലവരും പറയുമോ സ്നേഹിക്കാൻ ന്യായവും വകുപ്പും ഒക്കെ വേണമെന്നു്. അവരെ സംബന്ധിച്ചിടത്തോളവും ഈവക പ്രലപനങ്ങൾ ഏതാണ്ടു പരമാത്ഥങ്ങളായിരിക്കും. അവക്കു സ്നേഹിക്കുവാൻ അറിയില്ല. ഭക്തിയില്ല. വേറെ ചില വികാരങ്ങളെക്കൊണ്ടും വിചാരങ്ങളെക്കൊണ്ടും മനസ്സു പൂണ്ണമായിരിക്കുമ്പോൾ എവിടെയാണു വലിയ കാര്യസാദ്ധ്യമൊന്നുമില്ലാത്ത ഇവകൾക്കു സ്ഥാനം. എന്നാൽ പരമാത്ഥത്തിൽ ഈ പാവങ്ങൾക്കു വല്ലതുമറിയുമോ എന്നാണെങ്കിൽ അക്കഥ വളരെ പരുങ്ങലിലാണ്. വല്ല ഭാഷയും കാണാപ്പാഠം പഠിച്ചിട്ടു പച്ചവെള്ളംപോലെ പറയും എന്നല്ലാതെ അതിൽ പറയുന്ന കാര്യങ്ങൾക്കും അവക്കും തമ്മിൽ പറയത്തക്ക സംബന്ധമൊന്നുമുണ്ടാകയില്ല. ഇത്തരക്കാരിൽ പലരും ആ ആഗന്തുകന്മാരുടെ കൂട്ടത്തിൽ ബന്ധുക്കളായും, ബന്ധുക്കളുടെ സ്നേഹിതന്മാരായും വന്നും പോയ്ക്കൊണ്ടും ഇരുന്നിരുന്നു. അവരിൽ ജിജ്ഞാസുക്കൾ എന്നഭിമാനിക്കുന്ന ഒരുകൂട്ടം

കൊമ്പന്മാരും, തന്റെ വാഗ്ധാടിയെ പ്രകടിപ്പിക്കണം എന്നു വിചാരിക്കുന്ന മററു ചിലരും, പിന്നെ പല തരക്കാരും ഉൾപ്പെട്ടിരുന്നു. ഇവിടെ ഒന്നു പറയേണ്ടതായിട്ടുണ്ട്. മനുഷ്യരിൽ ചില ജാതികളുണ്ട്. അവരെ കാളസർപ്പത്തെപ്പോലെ ഭയപ്പെടണം. അവരുടെ സമ്പ്രദായം പുറമേനിന്നു നോക്കുന്ന ഒരാൾക്ക് എത്ര പ്രശാന്തമായ ജീവിതം. ഇങ്ങിനെയുള്ള ചിലരായിരുന്നു ഈ ലോകത്തിൽ ഭൂരിഭാഗവും എങ്കിൽ ഈ കലഹകലാപങ്ങളൊന്നും കൂടാതെ എത്ര ഭംഗിയായിട്ടു ജീവിതം നയിക്കാമായിരുന്നു എന്നൊക്കെ തോന്നും. നിരുപദ്രവികൾ, നിർമ്മത്സരർ എന്നെല്ലാം അവരെപ്പററി അയാൾ പുകഴ്ത്തി പറഞ്ഞുപോകും. എന്നാൽ "അണ്ടിയോടടുക്കുമ്പോഴാണു മാങ്ങയുടെ പുളിയറിയുക" എന്നു പറയുമ്പോലെ അവരോടടുക്കുമ്പോഴാണ് അകത്തുള്ള കാകോളതയുടെ കാഠിന്യം മനസ്സിലാവുക. അങ്ങിനെയുള്ള ജീവികൾ എട്ടുകാലിയുടെ വലയിൽപെട്ട ഈച്ചകളെപ്പോലെ അവരോടു പററിപ്പിടിച്ചുപോവും. അതിനുശേഷം പിന്നത്തെക്കളിയാണു കളി. ആ എട്ടുകാലിയുടെ കളിതന്നെ. അവർ ആ ചാവാതെചാവുന്ന ജീവിയെക്കുറിച്ചു യാതൊരു ഭാവവ്യത്യാസവുംകൂടാതെ പിന്നെയും ചിരിച്ചും അയാളോടുതന്നെ ചന്തത്തിൽ സംസാരിച്ചുകൊണ്ടും വീണ്ടും അവരുടെ വീശൽ തുടങ്ങുകയായി. ഇങ്ങിനെയുള്ള ചിലരെ ഏതുജന്തുക്കളുടെ ഇനത്തിലാണ് ഉൾപ്പെടുത്തേണ്ടതെന്ന് ഇതുവരെ എനിക്കു മനസ്സിലായിട്ടില്ല. ഇതിൽ ഒരു അൻമതി ലോകത്തെ മുഴുവൻ കീഴ്പോട്ടു ഇരുത്താൻ. ഇത്തരക്കാരെ പട്ടണമാണ് അധികം പ്രസവിച്ചു വിടുക എന്നു പറയുവാൻ വയ്യാ. ഉയർന്നുപോകുന്ന ലോകത്തിൽ എങ്ങുനിന്നെന്നില്ലാതെ വന്നുവീഴുന്ന കനത്ത ചില ഭാരങ്ങളാണ് ഇവർ. ഈ ഇനത്തിൽപെട്ട ഒരാളാണ് ആ അസാധാരണപുരുഷൻ താമസിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥനായ "രാമദാസ"ന്റെ ഒരകന്ന ചാർച്ചക്കാരൻ "ഗോപി." അയാൾ മാസത്തിൽ രണ്ടും മൂന്നും പ്രാവശ്യം രാമദാസന്റെ വീട്ടിൽ വരും. വന്നാൽ ആ അപരിജ്ഞേയപുരുഷനെ കാണാതെ പോകാറില്ല. അവർ തമ്മിൽ വലിയ ലോക്യമാണെന്നാണ് അയാൾ വച്ചിരിക്കുന്നത്. രാമദാസൻ ഒരു ചെറുപ്രഭുവായതുകൊണ്ട് ആ ഭവനത്തിൽ സാമാന്യേന വിശേഷാൽ പലരും പല കാര്യങ്ങൾക്കായി വന്നുചേരാറുണ്ട്. ഗോപി അവിടെ ഉള്ള സന്ദർഭങ്ങളിൽ ഇങ്ങിനെ വല്ലവരും വന്നാൽ അവരെ ഒക്കെ ആ മനുഷ്യനുമായി പരിചയപ്പെ

ടുത്തേണ്ടതു് അയാളുടെ ഒരു കടമയായിട്ടാണു് അയാൾ കരുതി വരാറ്. അതുകൊണ്ടു് ആരെയെങ്കിലും കണ്ടാൽ "നിങ്ങൾ ആ മനുഷ്യനെ അറിയില്ലല്ലോ. കാണേണ്ട ആളുതന്നെ" എന്നെല്ലാം പറഞ്ഞു് അവരെ അവിടുത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകും. രാമദാസൻെറ ഭവനത്തിൻെറ തൊട്ട തെക്കേപ്പുറമ്പിൽ ഒഴിഞ്ഞുകിടന്നിരുന്ന ഒരു വീട്ടിലാണു് ആ മനുഷ്യൻ താമസിച്ചിരുന്നതു്. ആ മനുഷ്യനു വിശേഷാൽ ഒരു വസ്ത്രംകൂടി കണ്ടാൽ മതി, പരിഭ്രമമായി; മുഖം കറുക്കുകയായി. അദ്ദേഹം വളരെ അസുഖം നടിച്ചു്, എന്നുവെച്ചാൽ ഒരു സുഖക്കേടു നടിച്ചു, ഗോപിയോടുമാത്രം ചിലതു പറയും. ഗോപി ആ മനുഷ്യനെ തൻെറ സവാതിഥിയ്ക്കു താനറിയുന്നിടത്തോളം പരിചയപ്പെടുത്തിക്കൊടുക്കുകയായി. ആ പുതിയ ആൾ ചോദിയ്ക്കുകയായി: "താങ്കളുടെ സ്വദേശം?"—അദ്ദേഹത്തിൻെറ ഹൃദയത്തിൽക്കൂടി ഒരു മിന്നൽ പായും. അദ്ദേഹത്തിനു നിയന്ത്രിയ്ക്കുവാൻ കഴിയുന്നതിനുമുൻപു് ആ മുഖം കരിവാളിക്കും. എന്നാലും ഒന്നു ചിരിയ്ക്കുവാൻ ശ്രമിച്ചുകൊണ്ടു സാവധാനത്തിൽ പറയും. "അതു ഞാൻ സാധാരണ പറയാറില്ല" ആരുടേയും അപ്രീതിയെ തീരെ ഇഷ്ടപ്പെടാത്ത ആ മനുഷ്യൻ തൻെറ പേരിൽ എന്താണാ പുതിയ ആൾക്കു തോന്നുക എന്നു വിചാരിച്ചു പിന്നേയും ചിലതു പറയും. പക്ഷേ ഗോപിയുടെ കൂട്ടുകാർ ചിലർ മുൻപറഞ്ഞ രീതിയിലുള്ള ചില അഭ്യസ്ഥവിദ്യരായിരിയ്ക്കും. അവർ ആ സാധുമനുഷ്യൻെറ മുൻപിൽ വെച്ചുതന്നെ പറയും, "ഇതിൽ എന്തോ രഹസ്യം ഉണ്ടു്." അയാൾ ഒരക്ഷരം മിണ്ടുകയില്ല. എന്നാലും അദ്ദേഹത്തിൻെറ ഹൃദയതാപം മുഖത്തിലെ ഓരോ ഞരമ്പും വിളിച്ചുപറയുന്നുണ്ടാവും. എന്നാൽ ആരിലും അദ്ദേഹത്തിന്നു് അപ്രീതിയുണ്ടാകില്ല. വന്നവർ പോയി കഴിഞ്ഞാൽ അകത്തുപോയി അദ്ദേഹം കിടക്കാറുള്ള കട്ടിലിൽ സാവധാനത്തിൽ കിടക്കും. ഒരുപക്ഷേ അന്നു പിന്നെ ഒന്നും കഴിച്ചില്ലെന്നുംവരും. എന്തു രഹസ്യമാണാവോ ഈ മനുഷ്യൻെറ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ളതു്. കഷ്ടം! ആ ശാന്തജീവി കടുവിൽ ആ സ്ഥലം ഉപേക്ഷിക്കുവാൻതന്നെ തീർച്ചപ്പെടുത്തി. രാമദാസനോടു് എന്തു കാരണമാണു പറയേണ്ടതു് എന്നു് എത്ര ആലോചിച്ചിട്ടും അയാൾക്കു മനസ്സിലായില്ല. രാമദാസനാണു് ആദ്യമായി അവിടെ വന്ന ആ മനുഷ്യനു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുത്തതു്. എന്നു

തന്നെയല്ല, അദ്ദേഹത്തിന്നു് ഈ മനുഷ്യന്റെ പ്രകൃതം ഏതാണ്ടു് അറിയാം. അതുകൊണ്ടു ചിലപ്പോൾ വല്ലവരും അയാളെ കാണാൻ പുറപ്പെട്ടാൽതന്നെ "എന്തിനാണു് ഓരോരുത്തരായി ചെന്നു് അയാളെ എപ്പോഴും ഇങ്ങിനെ ബുദ്ധിമുട്ടിയ്ക്കുന്നതു്" എന്നു പറയാറുണ്ടു്. പക്ഷേ ഗോപി അതു വകവെയ്ക്കാറില്ല. രാമദാസന്റെ സമ്പ്രദായം ആരോടും ഒന്നും മറുത്തു പറയാത്ത ഒന്നാണു്. അതുകൊണ്ടു് അദ്ദേഹം അവരെ പിടിച്ചുനിൎത്താറില്ല. ഒരുദിവസം രാമദാസൻ കാപ്പി കഴിഞ്ഞിരിയ്ക്കുമ്പോൾ ആ മനുഷ്യൻ കയറിവന്നു. അയാൾ പറഞ്ഞു "ഞാൻ താമസം ഒന്നു മാററണോ എന്നാലോചിയ്ക്കയാണു്. ഈശ്വരനെ കുറച്ചു സേവിച്ചാൽ കൊള്ളാമെന്നുണ്ടു്. ഇവിടെ അതിന്നു സൗകര്യം കുറച്ചു കുറവാണോ എന്നു സംശയം തോന്നുന്നു. എപ്പോഴും വേണ്ടപ്പെട്ടവരായി; സ്നേഹിതന്മാരായി. കുറച്ചുകൂടി വിജനമായ ഒരു സ്ഥലം തേടിപ്പിടിയ്ക്കേണം." രാമദാസൻ പറഞ്ഞു: "അതു ഞാൻ അങ്ങോട്ടു പറയണമെന്നു വിചാരിച്ചിരിയ്ക്കുകയായിരുന്നു. ഓരോ ദിവസവും ആയുസ്സിന്റെ ഓരോ ദളങ്ങളാണു് കൊഴിഞ്ഞുപോകുന്നതു്. എന്നാണു മരണം എന്നു് ഇതുവരെയും ആൎക്കും നിശ്ചയിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു പരോപദ്രവം ചെയ്യാതെ ഈശ്വരനെ സേവിച്ചിരിയ്ക്കുകതന്നെയാണു വേണ്ടതു് എന്നിയ്ക്കും ചിലപ്പോൾ തോന്നാറുണ്ടു്, ഈ പ്രാരബ്ധങ്ങൾ ഒക്കെ ഒഴിഞ്ഞുകുളിച്ചു വല്ല കാശിയിലോ വൃന്ദാവനത്തിലോ പോയാൽ തരക്കേടില്ലെന്നു്. എന്തു ചെയ്യാം കുറച്ചു് ഒരു ഭാഗ്യംകൂടി വേണമല്ലോ ഇതിനൊക്കെ." ആ മഹാത്മാവു തുടൎന്നു: "എന്റെ തന്നെ ഒരു വീടു് കുറച്ചു കിഴക്കു് ഉണ്ടു്. അവിടെ കുറച്ചു വസ്തുക്കളും ഉണ്ടു്. അതിപ്പോൾ ഉപയോഗമില്ലാതെ കിടക്കുകയാണു്. അവിടെയെങ്ങും ആൾപ്പാൎപ്പു് അധികം ഇല്ലാത്തതുകൊണ്ടു സ്വൈരം കെടുത്താനും ആരും ഉണ്ടാകയില്ല. മുൻകാലങ്ങളിൽ ഇവിടുന്നുതന്നെയാരെങ്കിലും പോയിത്താമസിച്ചു കൃഷി ചെയ്യിയ്ക്കുകയായിരുന്നു പതിവു്. അതിപ്പോൾ ആളില്ലാതെയാകയാൽ വേണ്ടെന്നു വെച്ചു. സ്ഥലം വലിയ തരക്കേടുണ്ടെന്നു തോന്നുന്നില്ല. അടുത്തു പുഴയും മററും ഉണ്ടു്." അദ്ദേഹം നിറുത്തി. ഒരു ബിംബം എന്നപോലെ അദ്ദേഹത്തിന്റെ മുൻപിൽ ആ മനുഷ്യൻ ഇരിയ്ക്കുകയാണു്. രാമദാസൻ സാവധാനത്തിൽ ചെല്ലം നീക്കിവെച്ചു മുറുക്കുവാൻ ആരംഭിച്ചു. ആ മനുഷ്യൻ ഒരു ദീൎഘനിശ്വാസം

വിട്ടുകൊണ്ടു പതുക്കെ അവിടെനിന്നെണീററു. അദ്ദേഹത്തിന്റെ രണ്ടു കണ്ണുകളിലും ഒരു ജലച്ഛായ മിന്നി. അയാൾ ഒന്നും പറയാതെ അയാളുടെ താമസസ്ഥലത്തേയ്ക്കു തിരിച്ചു. വഴിയ്ക്കു വിചാരിച്ചു: "ഞാൻ ഇനിയും അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചാൽ, അല്ല അദ്ദേഹത്തിന്നു ബുദ്ധിമുട്ടാകില്ല, എങ്കിലും വേറെ ചിലക്കു് അതു് ഉപദ്രവമായി പരിണമിക്കും. എന്നാൽ ഇതിനെന്താണു് ഒരവസാനം. അദ്ദേഹം അവിടെയും മാസംതോറും ആഹാരങ്ങൾക്കു വേണ്ടതു് എത്തിച്ചുതരും. എനിയ്ക്കു പിന്നേയും ജീവിയ്ക്കാം. പക്ഷേ—" അയാൾ വീട്ടിലെത്തി. അന്നു പതിവില്ലാത്തവിധം പത്തുമണിയ്ക്കു ശേഷവും ആ മനുഷ്യന്റെ വീട്ടിൽ വിളക്കു കത്തുന്നതു കണ്ടുകൊണ്ടാണു രാമദാസൻ അകത്തേയ്ക്കു ഉറങ്ങാൻ പോയതു്. ഏകദേശം ഒരുമണിയോടുകൂടി ഉണൎന്നു മൂത്രമൊഴിയ്ക്കുവാൻ പുറത്തേയ്ക്കു വന്നപ്പോഴും അദ്ദേഹം യാദൃച്ഛികമായി അങ്ങോട്ടൊന്നു നോക്കി. ആ വിളക്കു കത്തുന്നുണ്ടായിരുന്നു. അദ്ദേഹം വീണ്ടും വന്നുകിടന്നു. എന്നാൽ ഉറക്കം വന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ കോഴി കൂകുന്ന ശബ്ദം കേട്ടു. ഒരിയ്ക്കൽ കൂടി എണീററു് ആ ജനാലയ്ക്കലേയ്ക്കു നോക്കി. വിളക്കണഞ്ഞിരുന്നു. നേരം പ്രകാശമായി. കാക്കകൾ കരഞ്ഞുതുടങ്ങി. രാമദാസൻ എണീററു. സാധാരണ അദ്ദേഹം ആ അജ്ഞാതപുരുഷൻ താമസിയ്ക്കുന്നിടത്തേയ്ക്കു വിശേഷാൽ ആരും വീട്ടിലില്ലെങ്കിൽ പോകാറുണ്ടു്. അവർ തമ്മിൽ പലതും സംസാരിയ്ക്കും. അന്നു ഒരുമിച്ചായിരിയ്ക്കും അവരുടെ കുളി ഊണു മുതലായവ. അന്നു രാവിലെ അദ്ദേഹം അങ്ങോട്ടു പോയി. പക്ഷെ അയാളെ അവിടെക്കണ്ടില്ല. സാധാരണ അദ്ദേഹം ചെല്ലുമ്പോൾ അയാൾ എണീററിട്ടുണ്ടാകാറില്ല. ഉണൎന്നാൽതന്നെ അങ്ങിനെ കിടക്കുക അയാളുടെ ഒരു പതിവാണു്. രാമദാസൻ അവിടെ ഒരു കസേര കിടന്നതിൽ ഇരുന്നു. അദ്ദേഹം മേശപ്പുറത്തിരുന്ന ഒരു കടലാസ്സു് എടുത്തു. അതിൽ ഒന്നാതരം കയ്യക്ഷരത്തിൽ എന്തൊ എഴുതിയിരുന്നു. അതു് അദ്ദേഹം തിരിയെ മേശപ്പുറത്തുതന്നെ വെച്ചു കുറച്ചു നേരംകൂടി അവിടെ ഇരുന്നു. കുറെക്കഴിഞ്ഞിട്ടും അയാൾ വന്നുകണ്ടില്ല. അദ്ദേഹം കുളത്തിലേക്കു് തിരിച്ചു. കുളികഴിഞ്ഞു രണ്ടാമതും തെക്കേതിൽ പോയി. അപ്പോഴും ആളില്ലായിരുന്നു. അദ്ദേഹം വീട്ടിൽവന്നു കാപ്പികഴിച്ചു. വാല്യക്കാരനോടു് "ആ മനുഷ്യനെക്കണ്ടില്ല; ഇന്നു് എങ്ങോട്ടോണാവോ പോയതു്. വല്ലതും കേട്ടുവോ!" എന്നു ചോദിച്ചു. ഉദാസീനമട്ടിൽ "പുറത്തേയ്ക്കെങ്ങാനും പോയിരിക്കും" എന്നു് അവൻ

ഉത്തരംകൊടുത്തു. ക്രമേണ ഊണുകാലായി. അന്നു് അയാൾ ഉണ്ണാൻ വന്നില്ല. രാമദാസൻ ഒരാളെ പറഞ്ഞയച്ചു. അവൻ അവിടെ പോയന്വേഷിച്ചു് മേശപ്പുറത്തു കിടന്ന എഴുത്തും എടുത്തു മടങ്ങിവന്നു് രാമദാസന്റെ കയ്യിൽകൊടുത്തു. അദ്ദേഹം അതു തുറന്നുനോക്കി. അതിൽ ഇതായിരുന്നു എഴുതിയിരുന്നതു്.

ശ്രീ.

പ്രിയപ്പെട്ട......

"നന്ദി. ഞാൻ ജീവിതത്തോടു യാത്രപറയുന്നു. എന്നാൽ അതിന്നു മുൻപു നിങ്ങളോടു ചിലതു പറയാനുണ്ടു്. ഞാൻ ഒരു ജയിൽ പുള്ളിയാണു്. ഒരു കൊലപാതകി."—ആ ഗ്രാമക്കാരുടെ വിശുദ്ധാത്മാവിൽ ആദ്യമായി പ്രതിഫലിച്ചിരുന്ന ഈ ആശങ്ക യഥാർത്ഥമായിരുന്നു. "എന്നാൽ പരമാർത്ഥം നിങ്ങളോടു പറയാം ഞാൻ രണ്ടാമതു പറഞ്ഞ കൃത്യം ചെയ്തിട്ടില്ല. അതു നിയമത്തിന്റെ വിധി; സമുദായത്തിന്റെ നീതിബോധം. അധികമൊന്നും അതിനെപ്പറ്റി വിസ്തരിക്കുവാൻ എന്റെ മനസ്സിനു സ്വാസ്ഥതയില്ല. അതുകൊണ്ടു് ചുരുക്കുന്നു. ജീവിതത്തിന്റെ ഓരോ ശാഖയിലും ആശ പടർന്നു പിടിച്ചു് ഏതാണ്ടു മൊട്ടിട്ടു തുടങ്ങുന്ന ആ യൌവ്വനത്തിന്റെ ആവിർഭാവത്തിലാണു് എനിക്കീശിക്ഷ കല്പിക്കപ്പെട്ടതു്. എനിക്കതനുഭവിക്കുന്നതിൽ യാതൊരു പരിഭവവും തോന്നിയില്ല. എനിക്കു് ഈ ലോകത്തിന്റെ മുൻപിൽ മാത്രമേ ഈ ദുരദൃഷ്ടം അനുഭവിക്കേണ്ടിവരികയുള്ളുവെന്നും പരലോകത്തിൽ വേണ്ടല്ലോ എന്നും ഞാൻ സമാധാനിച്ചു. യഥാർത്ഥമായി കുററംചെയ്ത ആളുടെ ജീവിതസുഖത്തിന്നുവേണ്ടി ഞാൻ അനുഭവിക്കുന്ന ഈ ബന്ധനം ഒരു മാതിരി ത്യാഗത്തിന്റെ മധുരഫലത്തെ എന്നാൽ അനുഭവിപ്പിച്ചു. പത്തു പന്ത്രണ്ടുകൊല്ലത്തെ ജയിൽവാസത്തിന്നുശേഷം ഞാൻ മുക്തനായപ്പോഴാണു് എനിക്കു ശിക്ഷാകാലത്തെ ദുഃഖം അനുഭവിക്കാൻ ഇടയായതു്. ആളുകൾ എന്നെ നോക്കി പരിഹസിക്കാൻ തുടങ്ങി. അനുകമ്പ തോന്നിയവർ ചുരുക്കമാണു്. ഞാൻ പലസ്ഥലത്തും സഞ്ചരിച്ചു. അവിടെ ഒക്കെ എനിക്കു് അനുഭവം മുൻപറഞ്ഞതാണു്. ഒരു കൊലപാതകിയെ തങ്ങളുടെവീട്ടിൽ താമസിപ്പിക്കുന്നതിനു് ആരും ഇഷ്ടപ്പെട്ടില്ല. എനിക്കുതന്നെ ഈ രഹസ്യത്തെ ഗോപനം ചെയ്തുകൊണ്ടു വല്ല വിദൂരദിക്കിലും പോയി പാർത്തുകളയാം എന്നു തോന്നി. ഞാൻ ഒരു ദിവസം എത്തിച്ചേർന്നതു ഇവിടെയാണു്. ഇതുപോലെ സൗകര്യം ഉള്ള ഒരു സ്ഥലം ഭൂമിയിൽ

എനിയ്ക്കു കിട്ടുകയില്ലെന്നു എനിയ്ക്കു് തോന്നി. പക്ഷേ എന്തു ചെയ്യും. മാറാപദ്രവമൊന്നുമില്ലെന്നായപ്പോൾ എൻെറ രഹസ്യംതന്നെ എന്നെ അലട്ടിത്തുടങ്ങി. മനസ്സാക്ഷി എന്നെ ശാസിച്ചുതുടങ്ങി, മരിയ്ക്കുക, മരിയ്ക്കുക, എന്നു്. ഞാൻ ആലോചിച്ചു, എന്തിനു് ഇങ്ങിനെ കഷ്ടപ്പെടണം. അതൊരു വലിയ കഷ്ടപ്പാടാണു്. പല രഹസ്യങ്ങളും നമ്മളിൽ ഒളിഞ്ഞുകിടക്കുന്നുണ്ടാവും. എന്നാലും ഒന്നു് ഒളിച്ചുവെയ്ക്കുക എന്നു വന്നാൽ താങ്ങാൻ വയ്യാത്ത ഒരു ഭാരമാകും അതു്. അതുകൊണ്ടു നിങ്ങൾ എനിയ്ക്കു മരിയ്ക്കുവാൻ അനുവാദം തരിക. നിങ്ങളെ മാത്രം ഈ പരമാർത്ഥം അറിയിപ്പിയ്ക്കണം എന്നുണ്ടായിരുന്നു എനിയ്ക്കു്. അതേ, അതറിയാൻ തീരെ ഇഷ്ടപ്പെടാത്ത അങ്ങയെമാത്രം. ആർക്കു വേണ്ടി? സത്യത്തിന്നുവേണ്ടി! നിങ്ങൾ ഒരിയ്ക്കലും ഞാൻ ഒരു നിരപരാധിയായിരുന്നു എന്നു തെളിയിയ്ക്കുവാൻ ശ്രമിയ്ക്കില്ലെന്നു ഞാൻ വിശ്വസിയ്ക്കുന്നു. അതിനി വേറൊരു കുററം ചെയ്യപ്പെടാത്ത ജീവിയെക്കൂടി ഒരുപക്ഷേ ദണ്ഡം അനുഭവിപ്പിച്ചേക്കാം. അതുകൊണ്ടു ഒരിയ്ക്കൽക്കൂടി ഞാൻ ഒരു കൊലപാതകിയല്ല. മനസ്സുകൊണ്ടുപോലും അങ്ങിനെ ഒരു നീചകർമ്മം ആചരിക്കുവാൻ ഉദ്ദേശിച്ചിട്ടുമില്ല എന്നു നിങ്ങൾ മാത്രം വിശ്വസിക്കുവാൻ അപേക്ഷിച്ചുകൊണ്ടു ഞാൻ യാത്രപറയുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിയ്ക്കാം—എനിക്കു് അടുത്ത ആ അജ്ഞാതമായ ലോകത്തിൽ എത്തിയാൽ വല്ല കഴിവും ഉണ്ടെങ്കിൽ. നന്ദി.”

# "ഭയഭൃതം" *

— വി. കുഞ്ഞുണ്ണിക്കയ്മ്മൾ.

മനുഷ്യൻ നിർഭയനാകുന്നു; എന്നാൽ സിംഹത്തെപ്പോലെ ഹിംസാകാരകനോ ക്രൂരനോ അല്ല. മനുഷ്യൻ അഹിംസാവ്രതക്കാരനാണു്; പക്ഷെ മുയലിനെപ്പോലെ അന്യമൃഗദർശനത്തിൽ ഭയപ്പെട്ടു കുതിച്ചുപായുന്നില്ല. നിർഭയത്വവും അഹിംസയും മനുഷ്യസമുദായത്തിൻെറ ജന്മസിദ്ധങ്ങളായ രണ്ടു ഗുണങ്ങളാണു്. നിർഭയൻമാത്രം സംതൃപ്തിയോടും സന്തോഷത്തോടുംകൂടി തൻെറ ലഘുജീവിതം ശോഭനമാക്കുന്നു. അഹിംസയുടെ പ്രഥമസോപാനമാണു നിർഭയത്വം; പോരാ—നിയമവുമാണു്. ഭാരതം അയഥാർത്ഥമായ അഹിംസയെ ആശിക്കുന്നില്ല—കേവലം സത്യമായതിനെമാത്രമേ ഇഷ്ടപ്പെടുന്നുള്ളു. തന്നെയല്ല ഭാരതാംബ തൻെറ ചെറുകുട്ടികളെ ഭയരഹിതന്മാരായ പുരുഷകേസരികളാക്കി കാണിക്കുവാൻ താല്പര്യപ്പെടുന്നു. ഹിംസയും ക്രൌര്യവും മൃഗധർമ്മങ്ങളാണു്. അവ മനുഷ്യസമുദായത്തിന്നു പററിയതും പററുന്നതുമല്ല. മനുഷ്യവദനത്തിൽ ഭയമല്ല, പ്രേമവും അഭയവും ശാന്തിയുമാണു നമുക്കു ദൈനംദിനം പ്രത്യക്ഷീഭവിക്കേണ്ടതു്.

എന്നാൽ ഇന്നു മനുഷ്യസമുദായം തങ്ങളുടെ നാമത്തെ എത്ര കണ്ടു് അർത്ഥവത്താക്കീട്ടുണ്ടു്? അവർ ഇന്നു് കേവലം മൃഗപ്രായന്മാരായിട്ടുണ്ടെന്നുവേണം പറയുവാൻ. മനുഷ്യത്വത്തിൻെറ വികാസത്തിൽ—അതേ, ആത്മീയവും മാനസികവുമായ ഗുണങ്ങളുടെ ഉൽക്കർഷത്തിൽ—ഭാരതത്തിന്നു മററു ദേശങ്ങളെ അപേക്ഷിച്ചു പ്രത്യേകം അഭിമാനത്തിന്നവകാശമുണ്ടു്. ഇന്നും ഭാരതത്തിലെ ചില മുക്കിലും മൂലയിലുമുള്ള വികൃതരൂപം കാണുമ്പോൾ എൻെറ ഹൃദയം നടുങ്ങിപ്പോകുന്നു. ഇന്നിവൾ പരാധീനയാണു്. ഇന്നു അമ്മയുടെ സർവ്വൈശ്വര്യസമ്പൽസമൃദ്ധിയും അനേകായിരം നാഴിക ദൂരെ സ്ഥിതിചെയ്യുന്ന ഏതാനും ചില വ്യക്തികളുടെ അധീനത്തിലാണു്. ഇന്നു് അമ്മയുടെ ആലസ്യം കാണുമ്പോൾ അമ്മ മരിച്ചുവോ, അതോ ജീവിച്ചിരിക്കുന്നുണ്ടോ എന്നു ഞാൻ പലപ്പോഴും സംശയിക്കുന്നു. ഞാൻ ശങ്കിക്കുന്നു, അമ്മ ശൌര്യവീര്യപരാക്രമികളുടെ മാതാവോ അതോ ഭീരുക്കളുടെ മാതാവോ എന്നു്.

---

* ഹിന്ദിയിൽനിന്നു് ഒരു സ്വതന്ത്രാനുവാദം.

ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഇന്നും ഭയത്തിന്റെ ലാഞ്ഛനകൾ കാണുമ്പോൾ ഒരു കാലത്തു് 'അഹം ബ്രഹ്മാസ്മി' എന്ന തത്വങ്ങളെക്കൊണ്ടു ലോകത്തിലൊട്ടുക്കു ജ്ഞാനദീപകന്ദളങ്ങൾ വിതറിയിരുന്ന പുരുഷപുംഗവന്മാർ ഇവിടെയാണോ ഭൂജാതരായിരുന്നതെന്നു കേവലം സംശയഗ്രസ്തമായിരിക്കുന്നു. മനുഷ്യർ പാപത്തിനേയും ഈശ്വരനേയുമാണു ഭയപ്പെടേണ്ടതു്. നമ്മുടെ പിറകിൽ അനവധി ഭയഭൂതങ്ങൾ—ലോകനിന്ദാഭയം, ഗുരുഭയം, മരണഭയം മുതലായവ നിറഞ്ഞു നിൽപ്പുണ്ടു്. അവ നമ്മെ പല പ്രകാരത്തിലും ബലഹീനരാക്കുന്നു; ജീവച്ഛവങ്ങളാക്കുന്നു. മനുഷ്യൻ, ഭയം—ഇവ പരസ്പരം വിപരീതശബ്ദങ്ങളാണു്. മനുഷ്യൻ നരനാരായണന്റെ അംശമാകുന്നു; അല്ല—സ്വയം നാരായണൻ തന്നെ. അദ്ദേഹത്തിന്റെ അടുക്കൽ ഭയത്തിന്നു സ്ഥാനമെവിടെ? ഭയം എങ്ങിനെയടുക്കും? ഭയത്തിന്റെ സ്ഥാനം അജ്ഞാനത്തിലാണു്. അല്ലയോ അജ്ഞാനി! നിന്റെ സ്വരൂപം തിരിച്ചറിയുക. സൂര്യനെ നോക്കു. അതു നിന്റെ പ്രകാശംകൊണ്ടു പ്രകാശിക്കുന്നു. അഗ്നിസ്ഫുലിംഗത്തിനും നിന്റെ ചൈതന്യത്തിന്റെ പ്രതിബിംബമാണുള്ളതു്. അമൃതകിരണനും നിന്റെ ശാന്തിയുടെ പ്രതിനിധിയാണു്. അഹോ! നീ പ്രകൃതിയിലെ ചരാചരങ്ങളുടെ രാജാവാണു്; അടിമയല്ല. സംസാരത്തിലെ ചക്രവർത്തിമാർപോലും നിന്റെ കളിപ്പാട്ടമാകുന്നു. സ്വാമി രാമതീർത്ഥമഹാരാജന്റെ ഭാഷയിൽ പറയുകയാണെങ്കിൽ അവർ നിന്റെ ചതുരംഗക്കരുക്കളാകുന്നു. നീ നിന്നെത്തന്നെ വിശാലമായി ഒന്നു വീക്ഷിക്കുക. നീ ലോകത്തിൽ സർവ്വവ്യാപിയാണു്, എല്ലാം നിന്റേതാണു്—പോരാ—സർവ്വവും നീ തന്നെ.

നീ ഈ രഹസ്യമറിയുന്നുണ്ടോ? മനുഷ്യന്റെ ഓരോ പ്രവൃത്തികളും തന്റെ ശക്തിയുടെ അത്ഭുതചമൽക്കാരങ്ങളെ കാണിപ്പാൻ ആഗ്രഹിക്കുന്നു എങ്കിൽ നിർഭയത്വമൊന്നുതന്നെ പഠിക്കുക ഭയം ഭൂതസദൃശമാണു്. അതിന്നൊരു സ്ഥലത്തും സ്ഥാനമില്ല. ഭയത്തെ വകവെച്ചില്ലെങ്കിൽ ഭയമില്ല. ഭയം മനുഷ്യസമുദായത്തിന്നപമാനമാകുന്നു. ഭയപ്പെട്ടന്നതു് മനുഷ്യധർമ്മത്തിന്നു വിപരീതമായിട്ടുള്ളതാണു്. രണ്ടും ഭീരുത്വത്തിന്റെ വിഭിന്നരൂപങ്ങളാണു് അന്യനെ ഭയപ്പെടുത്തുന്നവനും നിർഭയനായിരിപ്പാൻ സാധിക്കുന്നതല്ല. അവന്റെ ആത്മാവു് ഒരിക്കലും ഉണരു

ന്നതല്ല. ഭയപ്പെടുന്നതു മൃഗപ്രായമാണെന്നു ഞാൻ ഉച്ചൈസ്സ്വരം ഉൽഘോഷിക്കുന്നു.

എന്നാൽ ഭയപ്പെടേണ്ടതിനെ നാം ഭയപ്പെടുന്നില്ല. അതാണ് അത്യാശ്ചര്യമായ സംഗതി, നമ്മുടെ പതനത്തിൻെറ ബീജത്തെ നാം ആത്മമിത്രമായി സ്നേഹിക്കുന്നു. അല്ലയോ മനുജകീടമേ! ഉണരുക. നിനക്കു മോഷ്ടിക്കുന്നതിനോ, മദ്യപിക്കുന്നതിനോ, സതീത്വഭംഗത്തിനോ, പ്രതിജ്ഞാലംഘനത്തിനോ എന്നുവേണ്ട മററു പല കുത്സിതപ്രവൃത്തികൾക്കും തീരെ ഭയമില്ല; ഭയം കാണിക്കുന്നുമില്ല. നിനക്കു നിൻെറ ആത്മാവിൻെറ ഉന്നതിയിൽ ശ്രദ്ധയില്ലേ? നിനക്കു വാസ്തവത്തിൽ ദൃഷ്ടികളില്ലേ? എന്നാൽ നീ മൺപാവകളേയും, ഇരുമ്പുകഷണങ്ങളേയും, ചെറിയ കല്ലുകളേയും ഭയപ്പെടുന്നു. ഇവയിൽ എന്തൊരു ശക്തിയാണുള്ളതു്. നീ ഊക്കോടെ ഊതുക. അവ ഉമിപോലെ പറന്നുപോകുന്നതാണ്. എന്നാൽ നീ പ്രഥമമായി അജ്ഞതയെ അകററുകയും മനുഷ്യത്വത്തെ തിരിച്ചറിയുകയും അഭിമാനം കൈക്കൊള്ളുകയും ചെയ്യു. ഭയത്തെ വീട്ടിൽനിന്നു വിദൂരീകരിക്കുക. അപ്പോൾ നിൻെറ ഹൃദയത്തിൽ ദിവ്യവും നിർമ്മലവുമായ പ്രേമത്തിൻെറ കാന്തികന്ദളം ഉളവാകും. ലോകം നിന്നെ സ്നേഹിതനായി സ്വയംവരിക്കും. പോരാ, നിൻെറ ചരണദ്വയങ്ങൾ ചുംബിക്കും. അത്രയുമല്ല, നീ രാജാധിരാജനാകും.

നീ സ്വരാജ്യം ആഗ്രഹിക്കുന്നുണ്ടോ? അതു നിൻെറ കളിപ്പാട്ടമാണ്. തൻെറ സ്വരാജ്യത്തെപ്പററി എന്തു പറയട്ടെ. നീ ലോകത്തിന്നു മുഴുവൻ സ്വരാജ്യപ്രാപ്തിക്കുള്ള വഴി കാണിച്ചുകൊടുക്കും. നീ ശത്രുവെന്നു കരുതുന്നവൻ നിൻെറ ശത്രുവല്ല. നിന്നെ ഭീരുവും ബലഹീനനുമാക്കിത്തീർക്കുന്ന ആ രണ്ടക്ഷരമാണ്—അതേ—ഭയമാണ—നിൻെറ ജന്മശത്രു. ഭയം നിൻെറ തഴച്ചുവളരുന്ന മാനസികലതയുടെ പല്ലവങ്ങളെ നിഷ്കരുണം നുള്ളിക്കളയുന്നു. അതിനാൽ ഹേ മർത്ത്യാ! ഭയത്തെ കൈവിടുക. അപ്പോൾ ഭയത്തിന്നു നിൻെറ അടുക്കൽ വരുന്നതിന്നു മാത്രമല്ല നിന്നെ വീക്ഷിക്കുന്നതിന്നുപോലും ഭയപ്പെടേണ്ടിവരും. സ്വാർത്ഥമാണു ഭയത്തിൻെറ ഇരിപ്പിടം. നിൻെറ ഹൃദയത്തിലെ ഈ മാലിന്യത്തെ കഴുകിക്കളയുക—അഹോ—അപ്പോൾ നീ ഒരു

കാമധേനുതന്നെ. നിർഭയനെ മാത്രമേ ലോകം പൂജിക്കുന്നുള്ളു. നിർഭയനാണു സംസാരത്തിൽ യഥാർത്ഥ മനുഷ്യൻ. ഭീരുവിന്നു ലോകത്തിൽ സ്ഥാനമില്ല; അവകാശമില്ല; ജീവിപ്പാൻ സാധിക്കുന്നതുമല്ല. മാത്രമല്ല ഭീരുവിനെ ലോകത്തിന്നാവശ്യവുമില്ല. അവൻ ഭൂമിക്കു വെറും ഒരു ഭാരംതന്നെ. അതിനാൽ ഹേ സഹോദര! നിർഭയനായ് വർത്തിക്കുക. ആ സുപ്രഭാതഭാനുവിന്റെ ചെങ്കതിരുകളേററ ഭാരതഭൂമി ഇതരരാജ്യങ്ങൾക്കൊരുത്തമ മാതൃകയായ് ആചന്ദ്രതാരം പരിലസിക്കുവാൻ ഭാരതാംബയുടെ കരുണയുണ്ടാകട്ടെ. നിർഭയത്വമേ! അങ്ങക്കു അനേകായിരം കൂപ്പുകൈ.

# പരിഷ്കാരം.

—പണ്ഡിതർ, കെ. രാമൻമേനോൻ.

അന്നൊരു സുദിനമായിരുന്നു. ലോകക്ഷേമസഭാദ്ധ്യക്ഷൻ വിശ്രമമുറിയിലേയ്ക്കും നിർവ്വാഹകസംഘങ്ങളായ പറവകുലം അവയുടെ ജീർണ്ണപഞ്ജരങ്ങളിലേയ്ക്കും പിരിഞ്ഞുപോയ സമയമാണു കാര്യദർശിയായ എനിക്കു് ആ പ്രാരബ്ധകർമ്മങ്ങളിൽനിന്നും തലയൂരാൻ തരമായതു്. കീറിക്കറുത്ത കുറയുടുത്തു വെള്ളിപ്പണത്തിന്റെ പുള്ളിപോലും കാണാഞ്ഞു് ആ ദാരിദ്ര്യമൂർത്തി—സന്ധ്യാമുഖം തുടുപ്പിച്ചുവരുന്ന ആ സമയത്തു കുഡുംബചരിത്രത്തിന്റെ കൂടിയാട്ടത്തിനു കോമാളിവേഷം കെട്ടാനോ, അന്തഃചരിത്രത്തിൽ അഴകേശനാകുവാനോ മുതിരാത്ത ഞാൻ, അന്ധാചാരപ്പലകമേൽ അസൂയയുടെ ചിത്രം വരച്ചോ, പരദൂഷണത്തിന്റെ കരടുതേടിയോ പരിചയിക്കാത്ത ഞാൻ, എഴുത്തറിയാത്ത ഒരു കുഞ്ഞിനേപ്പോലെ ജീവിതഗ്രന്ഥം മലർത്തിവച്ചു് എന്റെ ചടച്ച കൈകൊണ്ടു് അതിന്റെ തടിച്ച ഏടുകളെ തെരുതെരെ മറിച്ചുനോക്കിക്കൊണ്ടിരുന്നു. ഞാനതിൽ കണ്ടതോ! ചില കറുപ്പും വെളുപ്പും മാത്രം. കണ്ണുണ്ടായാലെന്തു്, കാഴ്ചയില്ലാഞ്ഞാലത്തെ കഥയോ? എന്റെ ചുക്കിച്ചുളിഞ്ഞു പരുപരുത്ത കയ്യൊന്നതിൽ പെരുമാറിനോക്കി. ഫലമൊന്നുമുണ്ടായില്ല. ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ഉഴന്നിൽപോയ മഷിഗുളികതന്നെ! ഞാൻ അതിൽ നിരാശപ്പെട്ടില്ലെങ്കിൽ അതു് അത്ഭുതമാകുമായേനെ. എങ്കിലും എന്റെ തിതിക്ഷയെ ആ വഴിക്കുതന്നെ ഒന്നു വലിച്ചിഴച്ചു. അപ്പോൾ എന്റെ മനസ്സിന്റെ മരച്ചില്ലയിൽ മിന്നിപ്പൊലിഞ്ഞിരുന്ന നിരവധി മിന്നാമിനുങ്ങുകൾക്കിടയിൽ ഒരു അഭിനവചന്ദ്രോദയമുണ്ടായി. ആ നിലാവെളിച്ചത്തിലെന്റെ കൊച്ചുപറവ ചിറകടിച്ചു പാറി. ഞാനറിഞ്ഞു; അതെന്റെ കൂരിരുളടഞ്ഞ ജീവദശയിലെ ദീപ്തിപുഞ്ജമാണെന്നു്—അല്ല—നാലു വർണ്ണത്തിൽ കെട്ടിപ്പടുത്തു നാനാമുഖമാക്കിയ ഒരു സായൂജ്യസോപാനമായിരിക്കാമെന്നു്—പോരാ—മനുഷ്യത്വത്തിനു മാററുകൂട്ടുന്ന ഏതോ ചില ചൈതന്യമാവാമെന്നു്, അതെ—ലോകത്തിന്റെ ദിവ്യസമ്പത്തായ "പരിഷ്കാര"മാണു—ഞാനതിൽ കണ്ടതു്.

അതിന്റെ ധർമ്മത്തെപ്പററിയോ, സ്വാതന്ത്ര്യജ്ഞാനത്തെക്കുറിച്ചോ, ചർച്ചചെയ്യേണ്ടതിന്റെ അത്യാവശ്യകത അനിവാര്യമാണെ

കിൽക്കൂടിയും അത്ര സുസാദ്ധ്യമോ സംവാദരഹിതമോ ആയിരിക്കു മെന്നു തോന്നുന്നില്ല. എങ്കിലും "അബദ്ധം വാ സുബദ്ധം വാ കുന്തീ പുത്രോ വിനായക" എന്നു പണ്ടാരോ പാടിയപോലെ കാലാനുരൂപ മായ അഭിനവതാല്പര്യങ്ങളിൽ മനുഷ്യഹൃദയത്തിന്നുണ്ടായിക്കൊണ്ടി രിക്കുന്ന അപരിമിതമായൊരു വികാസമാണു പരിഷ്ക്കാരം എന്നു മാത്രമേ ഏളുപ്പത്തിൽ സംക്ഷിപ്തഭാഷയിലൊരു നിരൂപണം ചെയ്യുവാൻ തുനി യുന്നുള്ളു. മനുഷ്യത്വത്തിന് അത്യന്താപേക്ഷിതമായ സംസ്കാരത്തിൻെറ വളച്ചയ്ക്കും പടച്ചയ്ക്കും മുഖ്യമായ ഒന്നാണു പരിഷ്ക്കാരം. ലോകത്തിൻെറ ആദികാലം മുതൽക്കുതന്നെ അതിൻെറ സമ്പക്കം അവശഹൃദയങ്ങ ളിൽപോലും ആവേശം ജനിപ്പിച്ചിട്ടുണ്ട്. എന്നാൽ അതിനു പാറുന്ന മുഖ്യമായ വംശങ്ങൾ രണ്ടാണ്—ഒന്നു പ്രകൃതിസിദ്ധം—മററതു പരായ ത്തം—ഇതിൽ ഏതു മാർഗ്ഗത്തുടെയാണു ലോകം ഇതിനോടനുകരിക്കുന്ന തെന്നു നോക്കാം.

പരിഷ്ക്കാരം ഒരു തരത്തിലും പ്രകൃതിയെ സംസ്കരിപ്പിക്കുന്നി ല്ലെന്നു തീർത്തു പറയാം. ആവിയന്ത്രത്തിൻെറ വിപ്പുമുട്ടിയ അലച്ച കേട്ട് അമ്പരപ്പോടെ കുതിച്ചുപായുന്ന പിഞ്ചു പൈതലെപ്പോലെ ജീവിതത്തിൻെറ കുരുന്നോല ചുട്ടെരിച്ചുകൊണ്ടു പരിഷ്ക്കാരപ്പകിട്ടിനു പകിടയായ മനുഷ്യൻ എങ്ങുന്നെന്നില്ലാതെ, എങ്ങോട്ടെന്നില്ലാതെ അലഞ്ഞോട്ടുന്നതു് എന്തിനു്! പ്രകൃതിസൌന്ദര്യത്തിൻെറ വികൃത രൂപം തേടുകയായിരിക്കാം. എന്നാൽ അവനതിൽ നിരാശയ്ക്ക ല്ലാതെന്തിനാണവകാശം? നോക്കുക. ആകാശം അടന്നുവീണിട്ടില്ല. വാരിധി വരമണ്ണടിഞ്ഞു തൂന്നുപോയിട്ടില്ല. ചെങ്കതിരോൻ ചെന്തീ വിതറി ഈ ലോകം എന്തേ ചുട്ടു ചാമ്പലാക്കിക്കളയാഞ്ഞു? സുഖ ജീവനം തന്നു പോററുന്ന ജീമൂതം ശീമമദ്ധ്യയന്ത്രമായിത്തീരാത്തതെ ന്താണു്! തലയിൽ കുലയും ചുമലിൽ ചുമടും ചുമന്നു കേരളക്കരെയ്ക്കു കനകം വിതയ്ക്കുന്ന താഴികക്കുടങ്ങൾ എന്നേതന്നെ ബോമ്പുകളാ യിത്തീരേണ്ടിയിരുന്നു. ഹൃദയതന്ത്രിയെ തട്ടിയുണർത്തുന്ന മോഹന ഗാനംകൊണ്ടു മാതൃസേവനംചെയ്തു പോരുന്ന പറവകളുടെ പിറവി കുലം സിനിമാ കൊട്ടകളായി രൂപാന്തരപ്പെട്ടുവോ? പച്ചസ്സാരി ചിററിപ്പുതച്ച ശാഖാതല്ലജങ്ങളെക്കൊണ്ടു താളംവെച്ചു ഝംകാരം പാടിയാടുന്ന പിച്ചകപ്പൂമലരിനുള്ള സുഷമാവിശേഷം ആരിലാണു് അസൂയ കൊള്ളിക്കാത്തതു്! എന്നാലതുകളിന്നും സിനിമാതാരങ്ങ

ളെന്ന അഭിമാനമുദ്രയ്ക്കു് അൎഹങ്ങളായിത്തീൎന്നിട്ടില്ല. മാംസഭക്ഷകൎക്കു് കണ്ഠപാനമായ ചോലവെള്ളത്തിനു മദ്യഗന്ധമെങ്കിലും പകരാത്തതു് അനീതിയല്ലേ? വിശേഷജ്ഞാനമില്ലാത്തവസ്തുപോലും വിജാതീയവേഴ്ചയിൽ അഭിനിവേശംകൊണ്ടു കാണാത്തതിന്റെ രഹസ്യമെന്തായിരിക്കാം. അപ്പോൾ ഇതിനെല്ലാം അജ്ഞാതമായ എന്തോ ഒരാന്തരാൎത്ഥമുണ്ടെന്നു്; അപ്രതിഹതമായൊരു പ്രകൃതിസങ്കല്പമുണ്ടെന്നു സമ്മതിക്കാതെ തരമുണ്ടോ? പരിഷ്കാരം, അതു കേവലം കാലത്തിന്റെ ഒരു കോളിളക്കമെന്നല്ലാതെ പ്രകൃതിനിയമത്തിന് അതൊരു വിധവും ബാധകമാവുന്നില്ലെന്നു് ഒരു പരിഷ്കൃതന്റെ ഭാഷയിൽ പറഞ്ഞാൽ അതൊരധികപ്രസംഗമാകുമെന്നു തോന്നുന്നില്ല. മാത്രമല്ല, കോടീശ്വരന്റെ കനകക്കിഴിയിലല്ല, കൂലിപ്പണിക്കാരന്റെ തുട്ടുകാശിലാണു പ്രകൃതി കാണുന്ന പരിഷ്കാരം, വിഷയലമ്പടന്റെ വെൺപട്ടല്ല, പിച്ചക്കാരന്റെ പരുത്തിത്തുണിയാണു് അവളിഷ്ടപ്പെടുന്ന പരിഷ്കാരം.

രണ്ടാമതു്—പരായത്തം—അതു ശുദ്ധമേ അടിസ്ഥാനമില്ലാത്തൊരനുകരണം മാത്രമാണു്. പരദേശത്തെങ്ങോ പാരമ്പരവിസ്തൃതിയായ ഒരുവന്റെ കഥയില്ലായ്മകൾ പേറിയ മാറാപ്പത്തെ വിവേകശൂന്യരായ നാം പരിഷ്കൃതമായൊരാചാരപദ്ധതിയാക്കി പകൎത്തുന്നു. അതിനെത്തന്നെ അഭിനയിക്കയും അനുസരിക്കയും ചെയ്യുന്നു. അതിൽപരം വിഡ്ഢിത്തമെന്താണു്. എന്നാൽ അതിന്റെ യഥാൎത്ഥമായ ആദൎശമോ ആചാരമോ നാമറിയുകയോ അറിയാനാശിക്കയോ ചെയ്യുന്നില്ല. പരിഷ്കാരം ലോകത്തിനു് ഇന്നലെ പെയ്ത മഴയ്ക്കു് ഇന്നു കുരുത്ത തകരയല്ലെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ! വിശേഷിച്ചും, അപരിഷ്കൃതമായ ഒരു കാട്ടുപ്രദേശമാണു് ഇന്ത്യ എന്നു ചിലർ പറഞ്ഞുവരുന്നുണ്ടു്. അതു വെറും അടിസ്ഥാനരഹിതമാണു്. പരിഷ്കാരം പൂക്കാത്ത മരമല്ല, അതു പൂത്തു കൊഴിഞ്ഞ മരമാണിന്ത്യ; പരിഷ്കാരത്തിന്റെ പ്രഥമപാഠം പഠിക്കുന്ന കുട്ടിയല്ല, അതു പഠിച്ച മറന്നൊരു വൃദ്ധനാണിന്ത്യ. അതൊരു വിദേശച്ചരക്കല്ല, അതീ മാതൃഭൂമിയുടെ പൈതൃകസ്വത്താണു്; അതിന്റെ സൂക്ഷ്മജ്ഞാനത്തിന്നു നാമധികം അലയേണ്ടതില്ല. നമ്മുടെ പൌരാണികതത്വം ഒന്നു് അനുസ്മരിച്ചാൽമാത്രം ധാരാളം മതിയാവുന്നതാണു്. കാരണം, നമുക്കിന്നു് ആദൎശവും അവലംബവുമായിട്ടുള്ളതാണു് അതു

കളെന്നു നാം വിശ്വസിച്ചുപോരുന്നതുതന്നെ. നാം അതിൽ കടപ്പെട്ടിട്ടുള്ളവിധം രണ്ടാണ്. അതെ, മാനസികം, ബാഹ്യം ഈ രണ്ടുവിധത്തിലാണു നാം അതിനെ സ്വാഗതംചെയ്യുന്നതു്. അതിൽ അത്യന്തം സമഞ്ജസവും സമുൽക്കർഷപ്രദവും സമാദരണീയവുമായതാണ് മാനസികപരിഷ്ക്കാരം. അതിൻെറ ആനന്ദാനുഭൂതിക്ക് അഭിലഷണീയമായ പദത്തെ പ്രദാനം ചെയ്യുന്നതാണു വിദ്യാഭ്യാസപദ്ധതി. പരിഷ്കൃതവിദ്യാഭ്യാസത്തിൻെറ പരിശുദ്ധതയാണു മാനസികസംസ്ക്കാരത്തിന്നു് ഉത്തേജകമായിട്ടുള്ളതെന്ന അഭിജ്ഞവചനം അക്ഷരംപ്രതി അത്ഥവത്താണെന്നതിനു രണ്ടുപക്ഷമില്ല. അതിനു്— മാനസികസംസ്ക്കാരത്തിന്നു് — ആദ്ധ്യാത്മികം, ഭൌതികം ഇങ്ങിനെ രണ്ടു ഉൾപ്പിരിവുകൾ കൂടിയുണ്ടു്. മുമുക്ഷുതയെ ശരണീകരിക്കുകയാണ് ഇതുകളുടെ പ്രധാന മമ്മം. എങ്കിലും ഭൌതികസംസ്ക്കാരം ലോകയാത്രയെ പ്രശസ്തവും സുന്ദരവുമാക്കിത്തീക്കുകയും ആദ്ധ്യാത്മികസംസ്ക്കാരം ഇഹലോകത്തിൽ അനശ്വരയശഃപ്രതിഷ്ഠകളും, പരത്തിൽ പരമസായൂജ്യത്തിനും, പയ്യാപ്തമാക്കുകയും ചെയ്യുന്നു.

മാനസികസംസ്ക്കാരത്തെ ഇനിയും നാലുതരമായി നിരൂപിക്കേണ്ടതായിട്ടുണ്ടു്. സാത്വികം, രാജസം, താമസം, പൈശാചികം ഇങ്ങിനെ. അതിൽ നിർദ്ദുഷ്ടവും നിത്യഭാസുരവുമായതാണു സാത്വികസമ്പ്രദായം. വൈദികമെന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്നതും ഇതുതന്നെയാണ്. അതതിൻെറ സാർവത്രികമായ സമാരാദ്ധ്യതയുടെ പാരമ്യത്തിലെത്തുകയും ചെയ്തുകഴിഞ്ഞു. ജീവിതമത്സരത്തിൻെറ ഉത്തമലക്ഷ്യമായ ഈശ്വരസാക്ഷാൽക്കാരത്തിനും ആദ്ധ്യാത്മികചിന്തകൾ ഇടയിൽ വിലങ്ങടിച്ചുകിടക്കുന്ന കാമക്രോധലോഭമോഹമദമത്സരാദികളായ അനിഷ്ടസംഭവങ്ങളിൽനിന്നും അതിനെ സുരക്ഷിതമാക്കുവാനതിനുള്ള ആയുധങ്ങൾ സത്യം, ധമ്മം, ദയ, സമത്വം; സാഹോദയ്യം, ക്ഷാന്തി ഇവയാകുന്നു. മുൻപറഞ്ഞ വൈദികവൃത്തികളായ യഥാത്ഥജീവികൾ ഈ പരിഷ്കൃതലോകത്തോട്ട് എന്നന്നേക്കുമായി യാത്ര പറഞ്ഞിട്ടില്ലെന്നു കാണിപ്പാൻ മാത്രം അപൂവ്വം ചില നഷ്ടാവശിഷ്ടങ്ങൾ അങ്ങിങ്ങായി ഇന്നും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്. ഇപ്രകാരം ആത്മസംസ്ക്കാരസാധനമായ ആഗമാദിഗഹനവിഷയങ്ങൾ പ്രതിപാദിതമായിട്ടുള്ള ഭാഷയാണു "സംസ്കൃതഭാഷ"യെന്ന രൂപത്തിൽ നാമറിയപ്പെടുന്നതു്. അതാണ്, "കെട്ടാലും കെടില്ല" എന്നു പറയും

പോലെ, അതിനും തേഞ്ഞുമാഞ്ഞുപോകാത്തവിധം സുസംസ്ഥാപിക്കപ്പെട്ടിട്ടുള്ളതു്; അഥവാ പ്രപഞ്ചകത്താവിനു സീമന്തസന്താനമായ ആ ഭാഷാഭഗവതി ദേവഭാഷയെന്ന ഭാസുരനാമത്താൽ അലംകൃതയും കനിഷ്ഠികാധിഷ്ഠിതയുമായി ഇന്നും പരിലസിക്കുന്നതു്.

ഇനി ഭൌതികം—അഥവാ ലൌകികം—അതിനെക്കുറിച്ചും കുറച്ചൊന്നു പറയേണ്ടതായിട്ടുണ്ടു്. സാഹിത്യവും കലാപരവുമായ സംസ്ക്കാരമാണു ലൌകികജീവിതത്തിനു നമുക്കേറ്റവും സഹായമായിട്ടുള്ളതു്. അതും മനസ്സംസ്ക്കാരദ്വാരാ നിത്യാനന്ദത്തിനു നിദാനമായ ഒന്നാണു്. രാജസാദി ദ്വിവിധഗുണങ്ങൾ ഇതുകൾക്കു് അനുബന്ധികളുമായിരിക്കും. സാഹിത്യത്തിലും കലാവിദ്യകളിലും നമ്മുടെ ഭാരതീയർ പണ്ടും മുന്നണിയിൽത്തന്നെ നിന്നിരുന്നു എന്നതിനു പലേ ദൃഷ്ടാന്തങ്ങളുമുണ്ടു്. തന്നെയല്ല, യുഗാന്തരങ്ങളിലെ കഥാപാത്രങ്ങളായ രാവണാദികളും പരിഷ്ക്കാരികളായിരുന്നു എന്നാണു പുരാണം നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. പക്ഷെ അതു നമ്മെപ്പോലെ വെറും അർത്ഥശൂന്യമായ ഉടുപ്പിലും നടപ്പിലും മാത്രമായിരുന്നില്ല. അങ്ങിനെയാണെങ്കിൽ മുഴുപ്പട്ടിണിക്കാരായ നാം മുടി മുറിക്കുകയും മൂക്കു മാക്കുകയും കണ്ണാടി കൊണ്ടു കാഴ്ചയെ കബളിപ്പിക്കയും ചെയ്യുപോരുന്നനിലക്കു രാവണന്റെ പത്തു തലകളും ഒരേ നിരപ്പിലിരിക്കാൻ അയാൾ അനുവദിക്കുമായിരുന്നില്ല. ഇന്നത്തെ നമ്മുടെ പരിഷ്ക്കാരസമ്പ്രദായം അവരോടെന്നല്ല ചുരുങ്ങിയ കാലങ്ങൾക്കപ്പുറമുള്ള നമ്മുടെ പൂർവ്വികരോടുംകൂടി തുലനം ചെയ്യാൻ കഴിയാത്തവിധം അത്രത്തോളം ഭിന്നിതമായിട്ടുണ്ടു്. അടിയറ്റകാത്ത മനുഷ്യഹൃദയത്തിന്റെ അലഞ്ഞൊഴുകുന്ന അനുകരണഭ്രമം അതെ—നമ്മുടെ വിലയോ നിലയോ പരിഗണിക്കാതുള്ള 'കാട്ടിയതു കാട്ടൽ'—മാത്രമാണു നമ്മെ വഴി പിഴപ്പിക്കുകയും ആപൽഗത്തത്തിലേക്കു് ആഴ്ത്തുകയും ചെയ്യുന്നതു്. പ്രഭുകുമാരൻ അണിയുന്ന പച്ചവില്ലീസ്സുടുപ്പോ, വാനം പാടുന്ന വാഹനമോ ഒരു പിച്ചക്കുടിൽപ്പുഴ ആഗ്രഹിക്കയും അതിനോടു് അനുകരിക്കയും ചെയ്യുന്നതിലുള്ള വിഷമവും വൈഷമ്യവും അതഹിക്കുന്ന ഏതൊരാൾക്കും ഒഴിച്ചുകൂടാത്ത ഒന്നാണു്. ഭാരതീയരായ നമ്മുടെ മുൻഗാമികളും തീരെ അപരിഷ്കൃതരായിരുന്നില്ലെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ. എന്നാൽ അതു പുറമേയ്ക്കായിരുന്നില്ല, ഉള്ളിലാണു്. അതെ, അകം പുറം ഒരുപോലെ സംസ്കരിപ്പിക്കുന്നതായിരുന്നു ഭരതക്ഷേത്രത്തിന്റെ പരിഷ്കാരം.

അകംനിറഞ്ഞു തുളുമ്പുന്ന സംസ്കാരത്തിന്റെ ഒരു നേരിയ ഛായയ്ക്കു മാത്രമേ അവരന്നു് ആഡംബരപ്പട്ടികയിൽ സ്ഥലം അനുവദിച്ചിരുന്നുള്ളു. അന്നു സനാതനധർമ്മസിദ്ധാന്തങ്ങളെക്കൊണ്ടു സമ്പൂർണ്ണവും സുരഭിലവുമാക്കിയിരുന്ന ഉള്ളറകൾ ഇപ്പോൾ സിൽക്കുശാലകളും ഗന്ധം വമിക്കുന്ന ഗുഹകളുമായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. അരുണോദയത്തിലുണന്നു് അഷ്ടകം കൊറിക്കാത്ത ഒരു ചെറുചുണ്ടുപോലും അന്നു 'മേട'തൊട്ടു 'മാടം'വരെ കാണുമായിരുന്നില്ല. പ്രേമാർദ്രഹൃദയത്തിൽനിന്നും ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഹരിനാമകീർത്തനത്തിന്റെ പാടപിടിക്കാത്ത ഒരു കുരുന്നു നാവുപോലും അന്നു കരുത്തിരുന്നില്ല. ഇന്നോ! ഉദ്ദേശശുദ്ധിയില്ലാത്ത മനുഷ്യൻ, ഉന്നതകലാഭിരുചിക്കു വേണ്ടി ഉഴറുന്ന മനുഷ്യൻ, ഏ. ബി. മുതലേതോ ചില അക്ഷരമാലതൊട്ടുരുക്കഴിക്കുന്നു. കുരുന്നുഹൃദയങ്ങളിൽപോലും അതുതന്നെ കുത്തിവയ്ക്കുന്നു. അതിന്റെ ഫലമായി തലകീഴായ്മറിഞ്ഞവലംബമില്ലാതലയുകയും ചെയ്യുന്നു! സകലകലാവല്ലഭത്വമാർന്ന നിത്യതയുടെ പൂർണ്ണതയ്ക്കുവേണ്ടി അരിയിൽനിന്നു ജനിച്ച ഹൈന്ദവകലയുടെ ആദിബീജമോ, ആ വത്സലയായ ജനനിയുടെ അങ്കതലമോ, അവനതു മരണശയ്യയായി മാറുന്നു. ഇതാണു് ഇന്നത്തെ മനുഷ്യത്വം. ഇതൊന്നും ഭാഷയ്ക്കുള്ള ദൂഷ്യമല്ല. അവനവന്റെ കൃത്യബോധത്തിലുള്ള അവജ്ഞമാത്രമാണു്. അതിനു ദൃഷ്ടാന്തം നമ്മുടെ ദിനചര്യയെ മാത്രം പരിശോധിച്ചാൽ മനസ്സിലാവുന്നതാണു്. ആദ്യമായി നിശയുടെ പള്ളിയറകളിൽ പുലർച്ചയുടെ പൂമ്പുടവ വാരിപ്പുതച്ചു ബോധംകെട്ടു് അന്ത്യശ്വാസം വലിക്കുന്ന മനുഷ്യൻ; ഛായംപുരണ്ട ഏരിദാഹത്തണ്ണീരു കാണാതെ—ജീവാകത്തിന്റെ നീണ്ടപ്പുകച്ചു കാട്ടാതെ—കണ്ണുതുറന്നും ഉറങ്ങുന്ന മനുഷ്യൻ; ഉണരുകയില്ല—അതേ, പൊൻതലപ്പാവും പീലിത്തടിയും വഹിച്ച ആ രാത്രിയുടെ പാറാവുകാരൻ; പരിഷ്കാരത്തിന്റെ നഗ്നത കണ്ടു നാണിച്ച പ്രകൃതിയുടെ ആ സന്ദേശവാഹകൻ; എത്രവട്ടം വിളിച്ചോതിയാലും അതവന്റെ ചെത്തിക്കുറച്ച ചെവിക്കൊള്ളാത്ത ചുരുക്കവാചകമല്ലാത്തതിനാൽ ഹൃദയതന്ത്രിയെ തട്ടിയുണർത്തുവാൻ മതിയാവുന്നില്ല. ഭരതാംബികയുടെ ചേവടി ചുംബിക്കേണ്ടവൻ, പരതന്ത്രത്തിന്റെ വെന്തെരിയുന്ന വെള്ളിക്കുഴൽ വിഴുങ്ങുന്നു. അവന്റെ അകം നീറിപ്പുകഞ്ഞ പുകയോ, വിദേശങ്ങൾക്കു വെള്ളിപൂശുന്നു. ഇനി ആടയാഭരണാദി മോടിപ്പകിട്ടിനെപ്പററിയും പലതും പറയാനുണ്ടെങ്കിലും വിസ്തരഭയാൽ അതിനുതുനിയുന്നില്ല. ഇതിനെയാണു നാം പൈശാചികസമ്പ്രദായത്തിൽ നാമകരണം ചെയ്യേണ്ടതു്.

ഇനി പൌരസ്ത്യപരിഷ്കാരത്തിൽ മുളച്ചുയൎന്ന നാം പാശ്ചാത്യപരിഷ്കാരത്തിന്റെ പിടിയിൽ കുടുങ്ങിയതുകൊണ്ടുണ്ടായിട്ടുള്ള നന്മതിന്മകളെക്കുറിച്ചു്, അഥവാ അതിനു നമ്മിലുള്ള അനുകരണാവകാശം എത്രത്തോളമുണ്ടെന്നതിനെക്കുറിച്ചു് ആലോചിക്കാം. ബുദ്ധിശക്തിയിലും ഉപരിപ്ലവബോധത്തിലും സംഘടനയിലും വിദേശീയരോടൊത്തു പൊരുതീട്ടുള്ളവർ ഇന്നും നമ്മുടെ ഇടയിൽ ആരാദ്ധ്യതക്കൎഹന്മാരായിട്ടുണ്ടു്. സൎവ്വഗുണസമ്പൂൎണ്ണരായ ആ മഹാശയന്മാരുടെ പരിശുദ്ധയശഃപതാകയിൽ നാമിന്നു വിശ്രമസുഖം അനുഭവിക്കുന്നു. അവരുടെ കരുണാമസൃണമായ കടാക്ഷം നമ്മെ കോരിത്തരിപ്പിക്കുകയും ചെയ്യുന്നു. അഹങ്കാരം പുരണ്ട ഹൃദയചാപലത്തിന്റെ കണികപോലും അവരുടെ അശ്രാന്തകീൎത്തിയെ ക്ഷതപ്പെടുത്തുന്നില്ല. കാരണം അവർ അല്പജ്ഞരല്ലാത്തതോ, "നിറകുടം തുളുമ്പില്ലെന്ന" അഭിജ്ഞവചനത്തിനു് ആദൎശരൂപമെടുത്തതോ ആയിരിക്കാം. വിദേശപരിഷ്കാരംമൂലം നമുക്കു പലേ തിന്മകളും വന്നുകൂടീട്ടുണ്ടെങ്കിലും അതിലും എത്രയുമധികം സുഖസൌകൎയ്യാദിനന്മകൾ വരുത്തിവെച്ചിട്ടുള്ളതു് ഒരിക്കലും വിസ്മരിക്കത്തക്കതല്ല. ഒന്നാമതായി നൂറു സംവത്സരംകൊണ്ടോ, ഒരു പുരുഷായുസ്സുകൊണ്ടുപോലുമോ കണ്ടെത്താൻ കഴിയാത്ത ദേശങ്ങളുമായി നൊടിയിടകൊണ്ടു പരിചയപ്പെടുവാനും മനോജവത്തിൽ സഞ്ചരിക്കുവാനുമുള്ള സഞ്ചാരസൌകൎയ്യം പാശ്ചാത്യരുടെ നിരന്തരപരിശ്രമത്തിന്റെയും പ്രതിഭാതിരേകത്തിന്റെയും പ്രധാന ലക്ഷ്യങ്ങളാണു്. വേണ്ടാ, കണ്ണും കരളും എത്താത്ത ഇടങ്ങളിലുള്ള വിശേഷസംഭവങ്ങളെ കണ്ടറിയുവാനും കൊണ്ടാടുവാനും മതിയാവുന്ന ദൂരദൎശിനി പ്രക്ഷേപണി മുതലായ യന്ത്രസാമഗ്രികളെ കണ്ടുപിടിച്ചു നമുക്കു് ഉപകാരപ്രദമാക്കിത്തീൎത്തതും അവരുടെ മാനസികസംസ്കാരത്തിന്റെയും ത്യാഗത്തിന്റെയും പരിപൂൎണ്ണഫലങ്ങളാണു്. വിനോദമാൎഗ്ഗത്തൂടെ വിജ്ഞാനവും സദാചാരനിഷ്ഠയും സമ്പാദിക്കുവാൻ എളുപ്പത്തിൽ സാധിക്കാവുന്നതായി ചലനചിത്രംപോലെ മറെറാന്നുമില്ലെന്നു് ഏവരും സമ്മതിക്കുന്നതാണു്. ആ ഒരു മഹാപ്രസ്ഥാനത്തിന്റെ ആവിൎഭാവവും അവരുടെ ഉത്സാഹശക്തിയുടെയും ഉൽപതിഷ്ണുതയുടെയും ഉൽകൃഷ്ടഫലങ്ങളാണു്. എന്നല്ല ഇന്നു ലോകത്തിലെവിടെയും പാശ്ചാത്യരുടെ ഉച്ചോൽബലകമായ പ്രതിഭയുടെ അവിച്ഛിന്നധാരമായ അവഗാഹം അണ മുറിഞ്ഞ പുഴപോലെ പ്രസരിച്ചിട്ടുണ്ടു്. അതിലവർ പ്രശസ്തമാംവണ്ണം വിജയി

ച്ചിട്ടുമുണ്ട്. നാമോ അതിലൊന്നും കണ്ണും കരളും ചെലുത്താതെ കടിച്ചു തുപ്പിയ കരിമ്പിൻകോച്ചുപോലെ വിരസവും വിഫലവുമായ ഉടുപ്പിലും നടപ്പിലും മാത്രം ഭ്രമിച്ച് ലഗാൻവെച്ച കുതിരയെപ്പോലെ ഇടംവലമെന്നല്ല മേലുകീഴുപോലും നോക്കാനറിയാതെ ജീവിതത്തിന്റെ ഇരുളടഞ്ഞ മൂലയിൽ കരശ്രീകരവസ്തുവെപ്പോലെ ചുളുങ്ങിക്കൂടുന്നു.

പാശ്ചാത്യരിൽനിന്നും നമുക്കു പഠിക്കേണ്ടതായി പലതുമുണ്ട്. പക്ഷെ അത് ഈ രീതിയിലല്ലെന്നുമാത്രം. ഒന്നുകിൽ നാം നമ്മുടെ പൌരസ്ത്യപരിഷ്ക്കാരത്തോടു സഹകരിക്കുക. അല്ലെങ്കിൽ യഥാൎത്ഥമായ പാശ്ചാത്യപരിഷ്ക്കാരത്തെ അനുസരിക്കുക. പക്ഷേ സംഘടന, സഹിഷ്ണുത, ഏകാഗ്രത ആദിയായ പല ഗുണങ്ങളും പ്രഥമപാഠം മുതല്ക്കു തന്നെ നാമിനി പഠിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി അടിമത്വബോധം, ആലസ്യം മുതലായി നമ്മിൽ കുടികൊണ്ടിരിക്കുന്ന ദുൎഗ്ഗുണഭൂതങ്ങളെ ആദ്യമായി ഉച്ചാടനം ചെയ്യാനാണ് ഉററു ശ്രമിക്കേണ്ടതു്. ഇന്നു നാം പരിഷ്കൃതരായിട്ടില്ല. നമുക്കും പരിഷ്ക്കാരികളാവാൻ കഴിയും. നാം ഒന്നോൎക്കേണ്ടതായിട്ടുണ്ട്, മനുഷ്യത്വത്തിന്റെ മാനം വിററുതിന്നരുതെന്ന്— പരിഷ്ക്കാരത്തിന്റെ പരിശുദ്ധമായ ആദൎശത്തെ പരാതിപ്പെടുത്തരുതെന്ന്— പരിഷ്കൃതയും പരിശുദ്ധയും ആയ ഭാരതമാതാവിന്റെ വിജയപതാക പറപ്പിച്ച വീരസന്താനങ്ങളുടെ കാൽച്ചുവടിനെ കളങ്കപ്പെടുത്തരുതെന്ന്!—ആ പരിഷ്കൃതാശയരായ പുണ്യശ്ലോകന്മാരുടെ പ്രേമഗാനം കൈരളിക്ക് അപദാനമായിക്കൊള്ളട്ടെ. നാമതിനെ മലിനപ്പെടുത്താതിരുന്നാൽ മാത്രംമതി.

# പുതിയ ശാകുന്തളങ്ങൾ.

## ആററർ-വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി ഒരു വിചിന്തനം.

—കെ, വി. എം.

൧

സംഗീതശാലയിൽനിന്നു് ഹംസപദികയുടെ പാട്ടു കേട്ടപ്പോൾ വ്യാകുലമാനസനായിത്തീൎന്ന ദുഷ്യന്തൻ വിചാരിക്കുന്നു:—

"രമ്യം കണ്ടും മധുരനിനദം കേട്ടുമൌത്സുക്യമേററം
തിങ്ങും സൌഖ്യം കലരുമൊരു ജീവിക്കുമുണ്ടാവതോൎത്താൽ
ജന്മം മററൊന്നിലെ മമത താൻ വാസനാരൂപമായി-
ത്തന്നുള്ളിൽ ചേൎന്നു ഹൃദയമവ്യക്തമായോൎക്കയാവാം."

(ആററർ)

"രമ്യങ്ങൾ കാൺകെ, മധുരക്വണിതങ്ങൾ കേൾക്കെ-
യുൽക്കണ്ഠിതത്വമവിയുക്തനുമുത്ഭവിക്കിൽ,
ഹൃല്ലീനമായ ജനനാന്തരസൌഹൃദത്തെ-
യസ്പഷ്ടമോൎത്തിടുകയാവുമതെന്നുറയ്ക്കാം."

(വള്ളത്തോൾ)

ദുൎവ്വാസസ്സിന്റെ ശാപം നിമിത്തം സ്വല്പകാലത്തേക്കു് സാമഗ്ര്യേണ സമ്മീലിതമായിരുന്ന ദുഷ്യന്തന്റെ ശകുന്തളാവിഷയകമായ രതിഭാവം ഹംസപദികയുടെ ഗാനം കേട്ടപ്പോൾ ഔൽസുക്യം തോന്നുകയാൽ അല്പമൊന്നു് ഉന്മീലിതമായി ചമയുന്നു. ഈ ഔൽസുക്യത്തിന്നു് ഇഷ്ടജനവിരഹമാണു മൂലം. പക്ഷെ ദുഷ്യന്തൻ തനിക്കു് ഇഷ്ടജനവിരഹം വന്നിട്ടുണ്ടെന്നു മനസ്സിലാക്കുന്നില്ല. ആകയാൽ അദ്ദേഹം മനസ്സിന്നുണ്ടായ അസ്വാസ്ഥതയ്ക്കു മറെറാരു കാരണം കണ്ടുപിടിക്കുന്നു. "രമ്യാണിവീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ" എന്നു തുടങ്ങി കുറഞ്ഞ ശബ്ദങ്ങളിൽ നിറഞ്ഞ അൎത്ഥസമ്പത്തിനെ വഹിച്ചുംകൊണ്ടിരിക്കുന്ന ഇതിന്റെ മൂലശ്ലോകം സംസ്കൃതസാഹിത്യത്തിൽ ഏററവും മികച്ചുനില്ക്കുന്ന ഒരു പദ്യമാണു്. വസന്തതിലകത്തിൽ നിബദ്ധമായ അതിനെ വലുതാക്കി സ്രഗ്ദ്ധരയിൽ പകൎത്തിയ ആററരിന്റെ പദ്യം വാസ്തവത്തിൽ മൂലത്തിന്റെ ഒരു "എൻലാൎജ്ജുമെൻറ്" ആണെന്നുവേണം പറവാൻ. "സുഖിതോപിജന്തുഃ" എന്നതിനെ "തിങ്ങും സൌഖ്യം കലരുമൊരുജീവി" എന്നും "ഭാവസ്ഥിരാ

ണി ജനനാന്തരസൌഹൃദാനി" എന്നതിനെ "ജന്മം മററൊന്നിലെ മമത താൻ വാസനാരൂപമായിത്തന്നുള്ളിൽ ചേർന്നു" എന്നും വളരെ നീട്ടിപ്പിടിച്ച തർജ്ജിമചെയ്യിട്ടുംകൂടി കവിക്ക 'രമ്യാണി', 'ശബ്ദാൻ', 'ജനനാന്തരസൌഹൃദാനി' എന്നിങ്ങനെ മൂലത്തിൽ ബഹുവചനാന്തങ്ങളായിട്ടുള്ള പദങ്ങളെ ഏകവചനാന്തങ്ങളായി ചുരുക്കേണ്ടിവന്നതു പരിഭാഷയിൽ പിണഞ്ഞിട്ടുള്ള പരിതാപകരമായ ഒരു പരാജയമാണ്. വള്ളത്തോളിന്റെ വൈദഗ്ദ്ധ്യം ഇതിനെക്കാൾ പതിന്മടങ്ങു മേലെയായിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഉൽക്കണ്ഠ ഉത്ഭവിക്കുന്നതിനെ 'ഉത്ഭവിക്കിൽ' എന്നിങ്ങനെ സംശയഗ്രസ്തമാക്കിത്തീർത്തതും കാക്കുന്നതിനെ 'കാത്തിട്ടുകയാവുമതെന്നുറയ്ക്കാം' എന്നിങ്ങനെ 'കഴക്കൻ' മട്ടിൽ ഉപന്യസിച്ചതും നല്ല പന്തിയായിട്ടുണ്ടെന്നു സമ്മതിക്കുവാൻ വയ്യ.

൪. വിമർശസന്ധി.

അഞ്ചാമങ്കത്തിൽ ദുഷ്യന്തന്റെ മുമ്പിൽ വെച്ചു ഗൌതമി ശകുന്തളയുടെ മൂടുപടം നീക്കിയതിന്നുശേഷം വിമർശസന്ധി ആരംഭിക്കുന്നു; ആറാമങ്കം അവസാനിക്കുന്നതുവരേ അതു വ്യാപിച്ചു നില്ക്കുകയും ചെയ്യുന്നു. പ്രകരി എന്ന അർത്ഥപ്രകൃതിയും നിയതാപ്തി എന്ന കാര്യാവസ്ഥയുമാണ് ഈ സന്ധിയുടെ ഘടകങ്ങൾ. പൂർവ്വസന്ധിയിലെ സംഭവങ്ങളെക്കൊണ്ടു ഫലസിദ്ധിയുണ്ടാകുമെന്നു പ്രതീക്ഷിക്കുമാറായ കാര്യത്തിൽ "പ്രലോഭനക്രോധവ്യസനാദി"കളാൽ പെട്ടെന്ന് ഒരു വിഘ്നം ഉളവാകുകയാണ് ഈ സന്ധിയിൽ ചെയ്യുന്നതു്. 'വ്യസ്യത്യേനം ശ്രേയസഃ' എന്ന വ്യുല്പത്തിപ്രകാരം വ്യസനമെന്നാൽ ശ്രേയസ്സിനു് ഹാനി വരുത്തുന്ന ഒന്നാകുന്നു. പ്രകൃതത്തിൽ പച്യമാനാവസ്ഥയിലിരിക്കുന്ന ദുർവ്വാസശ്ശാപമാകുന്ന വ്യസനമാണു വിഘ്നം. അതുനിമിത്തം ദുഷ്യന്തൻ ശകുന്തളയെ വിസ്മരിക്കുകയും ശാപം നീങ്ങുന്നതിനു കാരണമായ അഭിജ്ഞാനാംഗുലീയകം ശകുന്തളയുടെ കയ്യിലുണ്ടായിരുന്നതു നോക്കിയപ്പോൾ കാണാതാകയും തദനന്തരം ദൈവഗത്യാ അതു തന്റെ കയ്യിൽ വരുവാനിടയായപ്പോൾ മദനാർത്തനായി വിലപിക്കുകയും ചെയ്യുന്നതു് ഈ സന്ധിയിലാണു്. അംഗുലീയകദർശനത്തിങ്കലോളം അന്തർവ്വാഹിനിയായ സരസ്വതീനദിയെന്നപോലെ അസ്പഷ്ടലക്ഷ്യമായിരുന്ന ദുഷ്യന്തന്റെ രതി അംഗുലീയകദർശനത്തിൽ സംഭ്രമപ്രവാസവിപ്രലംഭമായി ചമഞ്ഞു സംപൂർണ്ണാവസ്ഥയിൽ പ്രത്യക്ഷീഭവിക്കുന്നു. ഇതാണു

നിയതാപ്തി. ശകുന്തള അഭിജ്ഞാനാംഗുലീയകം തിരഞ്ഞുനോക്കിയപ്പോൾ കാണാതെ പോകുന്നതും, പരസ്ത്രീസ്പൎശശങ്കിയായ ദുഷ്യന്തൻ ആ സാദ്ധ്വിയെ പരിത്യജിക്കുന്നതും, മുക്കുവന്റെ കയ്യിൽനിന്നു മുദ്രമോതിരം കിട്ടുന്നതും, തന്നിമിത്തം ശാപംനീങ്ങി പൂൎവ്വസ്ഥിതിയെ പ്രാപിച്ച ദുഷ്യന്തൻ നിൎവ്വിണ്ണനായി വസന്തോത്സവം മുടക്കുന്നതും, വിരഹോൽകണ്ഠിതനായി ചമഞ്ഞ അദ്ദേഹത്തിനു കാമാവസ്ഥകൾ ഒന്നിനുമേലൊന്നായി പ്രത്യക്ഷീഭവിക്കുന്നതും ഈ വിമൎശസന്ധിയിൽ വിചാരശീലന്മാരായവരുടെ ഹൃദയത്തെ ഹാദാകൎഷിക്കുന്ന സന്ദൎഭങ്ങളാണു്. ഇവയുടെ വൎണ്ണനയിൽ ആററൂരിന്റെയും വള്ളത്തോളിന്റെയും പരിഭാഷകൾ ഒത്തുനോക്കിയതിൽ വള്ളത്തോൾ പരിഭാഷ മറേറതിനെക്കാൾ കുറച്ചു മേലെയായിട്ടുണ്ടെന്നു പറവാനാണു എനിക്കു തോന്നുന്നതു്.

ആററൂരിന്റെ തൎജ്ജിമയ്ക്കു് ആദ്യം കണ്ടതുപോലെയുള്ള മെച്ചം ഇവിടെ കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ശ്ലോകങ്ങളുടെയും ചൂൎണ്ണികകളുടേയും പരിഭാഷയിൽ ഭാഷാപദങ്ങൾ തന്നെ ആവുന്നേടത്തോളം പ്രയോഗിപ്പാൻ ആററൂർ ഏററവും മനസ്സിരുത്തിട്ടുണ്ടു്; പക്ഷെ ആറാമങ്കത്തിൽ നീചപാത്രങ്ങളുടെ സംഭാഷണമായ പ്രവേശകത്തിൽ മാത്രമേ ഈ ഭാഷാപദപ്രയോഗംകൊണ്ടു ശരിയായ തന്മയത്വം വരുത്തുവാൻ സാധിച്ചിട്ടുള്ളു. "എട! മൂരാച്ചിക്കള്ളാ! പറ. ഈ ............തമ്പുരാന്റെ...... നിനക്കെവിടുന്നു കിട്ടി പറ" എന്ന ഭടന്മാരുടെ വചനത്തിലും "അങ്ങനെ ഒരു ദിവസം ............ അരിഞ്ഞു കൊണ്ടിരിക്കാൻ. അപ്പൊണ്ടു് ഒരു ചെമ്മീനിന്റെ വയററിലിക്കല്ലെ വച്ച മോതിരം കിടക്കണു.........എന്നെക്കൊല്ലാണങ്കിക്കൊന്നോളിൻ. വിടാണങ്കി വിട്ടോളിൻ..........." എന്ന മുക്കുവന്റെ വചനത്തിലും മററും നാടൻ ഭാഷയുടെ പകിട്ടുകൊണ്ടു നല്ല തന്മയത്വം വരുത്തുവാൻ ആററൂരിനു സാധിച്ചിട്ടുണ്ടു്. എന്നാൽ നല്ല നാടൻ ഭാഷയാവണമെന്നു കരുതി ചെയ്ത ചില പ്രയോഗങ്ങൾ വായനക്കാരുടെ നെററി ചുളിപ്പിക്കത്തക്കവിധം വികൃതമായിപ്പോയിട്ടുമുണ്ടു്. "പരപത്നിയാണെന്നു പരമാൎത്ഥമായിത്തന്നെ സംശയിച്ചിട്ടാണു് അങ്ങിങ്ങനെയൊക്കെക്കാണിക്കുന്നതെങ്കിൽ........" ഇതിൽ 'ഏവം വക്തും പ്രവൃത്തം' എന്ന മൂലത്തെയാണു് 'അങ്ങിങ്ങനെയൊക്കെക്കാണിക്കുന്നതു്' എന്നു തൎജ്ജിമ ചെയ്തിരിക്കുന്നതു്. 'ഇങ്ങനെയൊക്കെക്കൊ

ണിക്കുക' എന്നു കേട്ടാൽ കാണിക്കാൻ വയ്യാത്ത എന്തോ ചിലതു കാണിക്കുന്നു എന്നാണു് അൎത്ഥം തോന്നുക. പ്രകൃതത്തിൽ അതല്ലല്ലോ അൎത്ഥം. അങ്ങിങ്ങനെയൊക്കെ കാണിക്കുന്നതെങ്കിൽ എന്ന ആറന്മർ തൎജ്ജിമയുടെ സ്ഥാനത്തു് "ഭവാൻ ഇങ്ങനെ പറയാൻ തുടങ്ങിയതെങ്കിൽ" എന്നാണു വള്ളത്തോളിന്റെ വിവൎത്തനം. അതാണു മൂലത്തോടു യോജിച്ചിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. "വേത്രവതി! എനിക്കു നല്ല സുഖം തോന്നുന്നില്ല. കിടപ്പുമുറിയിലേക്കു നടക്കു." ഈ വാക്യം കേട്ടാൽ രാജാവു കിടപ്പുമുറിയിൽ ചെന്നു് എന്തു ചെയ്യാനാണു ഭാവമെന്നു സംശയം തോന്നും. കിടപ്പുമുറിയിലേക്കു വഴി കാണിക്കുവാൻ മാത്രമേ വാസ്തവത്തിൽ രാജാവു പറയുന്നുള്ളു. വള്ളത്തോളിന്റെ തൎജ്ജിമയും അങ്ങനെ തന്നെയാണു്. ആറന്മരിന്റെ ഈ പ്രയോഗം തുലോം വികൃതമായിപ്പോയി. ശകുന്തളയെപ്പററി ഓൎമ്മ വന്നതിന്നു ശേഷം കാമാകുലനായിച്ചമഞ്ഞ ദുഷ്യന്തൻ "മനസിജൻ പ്രഹരിക്കുവതിന്നുതൻ—ധനുഷി ചേൎത്തിതു ചൂതശരത്തെയും" എന്നു പറയുമ്പോൾ "നിൽക്കു. ഈ വടികൊണ്ടു കാമവ്യാധിയെ ഇപ്പോൾ നശിപ്പിച്ചേക്കാം." എന്നു് ആറന്മരിന്റെ വിദൂഷകൻ പറയുന്നു. അതെ, ആറന്മരിന്റെ വിദൂഷകൻതന്നെ. കാളിദാസരുടെ വിദൂഷകൻ "നിൽക്കു; കാമബാണത്തെ ഞാൻ ഈ വടികൊണ്ടു തച്ചുമുടിക്കാം" എന്നു പറഞ്ഞു വടിയുയൎത്തി മാമ്പൂമൊട്ടു തല്ലിവീഴ്ത്താൻ തുടങ്ങുകയാണു ചെയ്യുന്നതു്. ഈ വാക്യത്തിൽ ആറന്മരു പരിഭാഷയിൽ പിണഞ്ഞ അസാംഗത്യത്തെ ശ്രീമാൻ സി. എസ്സ്. നായർ സമുചിതമായി എടുത്തുകാണിച്ചിട്ടുണ്ടു്. വടികൊണ്ടു കാമവ്യാധിയെ നശിപ്പിക്കുവാൻ പുറപ്പെടുന്നതു സൂക്ഷിച്ചിട്ടു വേണ്ടതാണെന്നു് ആറന്മരിനോടു് അല്ലെങ്കിൽ അദ്ദേഹത്തിന്റെ വിദൂഷകനോടു് ഉപദേശിക്കേണ്ടിയിരിക്കുന്നു. "പേരു കൊത്തീട്ടുള്ള ഈ മോതിരം എന്തൊരു സൂത്രം പ്രയോഗിച്ചിട്ടാണു ദേവിയുടെ കയ്യിൽ പിടിപ്പിച്ചതു്" എന്ന വാക്യം കേൾക്കുമ്പോൾ രാജാവു മൎയ്യാദക്കു മോതിരം ഇടുവിച്ചാൽ ശകുന്തള അതു സ്വീകരിക്കുമായിരുന്നില്ലെന്നു തോന്നിപ്പോകും. മോതിരം ശകുന്തളയുടെ കയ്യിൽ പിടിപ്പിക്കുവാൻ രാജാവു പ്രയോഗിച്ച സൂത്രം എന്തെന്നറിവാനാണു വിദൂഷകന്റെ താൽപൎയ്യമെന്നും ഇതിൽനിന്നു തോന്നിപ്പോകും. വാസ്തവത്തിൽ അതു രണ്ടും ഇല്ല. ശകുന്തളക്കു മോതിരം സ്വീകരിക്കുവാൻ മടിയില്ല; അതു ശകുന്തളയുടെ കയ്യിൽ

പിടിപ്പിപ്പാൻ പ്രയോഗിച്ച സൂത്രത്തെപ്പററി വിദൂഷകന്നു ജിജ്ഞാസയുമില്ല. "ഈ തിരുനാമമോതിരം എന്തു പറഞ്ഞാണു തത്രഭവതിയുടെ കയ്യിൽ കൊടുത്തതു്" എന്ന വള്ളത്തോൾ തർജ്ജിമ ഈ വക സംശയങ്ങൾക്കൊന്നും വഴി വയ്ക്കുന്നതുമില്ല. "ഇതു സ്വപ്നമോ ഭ്രാന്തിയോ മായയോമേ' എന്നതിലെ രണ്ടാമക്ഷരത്തിൽ വിവൃതമായ ഉകാരം പ്രയോഗിച്ചതുകൊണ്ടു ദുഃശ്രവത്വം സ്പഷ്ടമായി തോന്നുന്നുണ്ടു്. ഇതു് ഒരു തരത്തിലുള്ള ഹതവൃത്തംതന്നെയാണു്. "നന്ദ്യാനയിക്കുവതിനുള്ളവർ വന്നു ചേരും" എന്നതിൽ സംസ്കൃതപദമല്ലാത്ത 'നന്ദി'ക്കു സംസ്കൃതവിഭക്തി പ്രത്യയം ചേർത്തു കാണുമ്പോൾ "കൊട്ടത്തേങ്ങാഭിരപ്പെട്ടഃ" എന്ന പ്രയോഗം ഓർമ്മയിൽ വരുന്നു. രാജാവു കാമോന്മാദം നിമിത്തം മുദ്രമോതിരത്തെ ശകാരിച്ചുംകൊണ്ടു് ഒരു ശ്ലോകത്തിന്റെ പകുതി പറഞ്ഞതിനു ശേഷം "ജഡത്തെ നിന്ദിപ്പതിന്തെന്തു കാന്തയെ ഗ്രഹിച്ച ഞാൻതന്നെ വെടിഞ്ഞതെന്തിനാൽ" എന്നു തന്നെത്താൻ ചോദിക്കുന്നു. അപ്പോൾ വിദൂഷകൻ "വിശപ്പു് എന്നെ കടിച്ചു തിന്നേണമെന്നുള്ളതിനാൽ" എന്നു സ്വഗതമായി പറയുന്നു. രാജാവു കാന്തയെ വെടിഞ്ഞതിന്നും വിശപ്പു വിദൂഷകനെ കടിച്ചതിന്നുന്നതിന്നും ഒരു കാര്യകാരണഭാവസംബന്ധം ഇതിൽ കല്പിച്ചിരിക്കുന്നു. രാജാവു കാന്തയെ വെടിഞ്ഞില്ലെങ്കിൽ ഊണും കൂടി ഉപേക്ഷിച്ചു് അവളോടുകൂടി ഇരുന്നേയ്ക്കുമെന്നും അപ്പോൾ രാജാവിനോടൊന്നിച്ചു് ഉണ്ണാനുള്ള തന്നെ വിശപ്പു കടിച്ചു തിന്നുകുമെന്നും ആണു താൽപര്യമെന്നും, ഇതിൽനിന്നു വിശപ്പിന്റെ അസഹനീയത വ്യഞ്ജിക്കുന്നുവെന്നും ടിപ്പണകാരൻ പറയുന്നു. ഇത്രയും ദൂരനീതമായ ഒരു താല്പര്യാർത്ഥം പ്രകൃതത്തിൽ ഉണ്ടോ എന്നു ഞാൻ പ്രബലമായി സംശയിക്കുന്നു. കാമോന്മാദം നിമിത്തം രാജാവു് അചേതനമായ മോതിരത്തെ നിന്ദിപ്പാനും പിന്നെ ആ നിന്ദിച്ചതിനെ ആക്ഷേപിച്ചു സമാധാനിപ്പാനും തുടങ്ങിയതു കണ്ടപ്പോൾ ഈ ഉന്മത്തപ്രലപിതം അത്ര വേഗത്തിലൊന്നും അവസാനിക്കുകയില്ലെന്നു കരുതി ഭോജനപ്രിയനായ വിദൂഷകൻ തനിക്കുള്ള വിശപ്പിന്റെ ദുസ്സഹതയെക്കുറിച്ചു തന്നത്താൻ പറയുന്നതാണു് ഈ വാക്യം. ഇദ്ദേഹത്തിന്റെ വിരഹവിലാപം അവസാനിക്കുന്നില്ല; എനിക്കു വിശപ്പു സഹിക്കാതായിത്തുടങ്ങി എന്നേ വിദൂഷകൻ പറയുന്നതിന്നർത്ഥമുള്ളു. "അയ്യോ, വിശപ്പു് എന്നെ കരണ്ടുതിന്നുകയായി" എന്നു തർജ്ജിമ ചെയ്ത മഹാകവി വള്ളത്തോളും അതിൽ കവിഞ്ഞ ഒരു താൽപര്യം കരുതീട്ടുണ്ടെന്നു തോന്നുന്നില്ല. "തീക്കേണ്ട

നിന്നെത്തീർത്തിടും—കാക്കും കാക്കേണ്ട വിപ്രനെ" ഇതു 'യോഹനിഷ്യതിവദ്ധ്യംത്വാം—രക്ഷ്യംരക്ഷതി ച ദ്വിജം' എന്ന മൂലത്തിന്റെ തർജ്ജിമയാണു്. "തീർക്കേണ്ടനിന്നെത്തീർത്തിടും" എന്നു കേൾക്കുമ്പോൾ വായനക്കാർക്കു് അർത്ഥം മനസ്സിലാകയില്ല. അതിനാൽ തീർക്കേണ്ട-നശിപ്പിക്കേണ്ട. കൊല്ലേണ്ട എന്നർത്ഥം" എന്ന ടിപ്പണം സപ്രയോജനംതന്നെയാണു്. എന്നാൽ "കൊല്ലേണ്ട നിന്നെ കൊന്നീടും" എന്നുതന്നെ മതിയായിരുന്നില്ലേ? പ്രസിദ്ധാർത്ഥകമായ 'കൊല്ലുക'യെ കൈവിട്ടു് ആ അർത്ഥത്തിൽ അത്രത്തോളം പ്രസിദ്ധിയില്ലാത്ത 'തീർക്കുക'യെ പരിഭാഷകൻ സ്വീകരിച്ചതു പക്ഷേ ടിപ്പണക്കാരനു് ഒരു പ്രവൃത്തിയുണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയായിരിക്കാം!

വള്ളത്തോൾ പരിഭാഷയിൽ ഈ വക വൈകല്യങ്ങൾ കാണുന്നില്ല. എന്നാൽ "ഇതാണു് സ്ത്രീകൾക്കു വേണ്ടപ്പോൾ വേണ്ടതുതോന്നും എന്നു പറയുന്നതു്" (ഇതാണു് സ്ത്രീകൾക്കു് അപ്പോഴപ്പോൾ തരംപോലെ തോന്നിക്കൊള്ളുമെന്നു പറയുന്നതു്—ആററൂർ) എന്നു തുടങ്ങി അർത്ഥത്തിനു മിഴിവു പോരാത്ത ചില പ്രയോഗങ്ങളും, "അപ്പനൊന്തിന്നപ്പുറംചാടിയാം നീ" എന്നതിലെ 'അപ്പുറം ചാടി'യെപ്പോലെ ആവശ്യത്തിൽ കവിഞ്ഞ അർത്ഥം തോന്നിക്കുന്ന ചില പ്രയോഗങ്ങളും, "എന്നാൽ ഭർത്താവിന്റെ പലമാതിരിയുള്ള അനുരാഗം അവളെ അറിയിക്കാമല്ലോ." (ഭർത്താവിനുള്ള അനുരാഗം പലവഴിക്കും പ്രവഹിക്കുന്നതു് അവളെ അറിയിക്കാം—ആററൂർ) എന്നു തുടങ്ങി അർത്ഥത്തിനു സ്ഫുടത പോരാത്ത ചില പ്രയോഗങ്ങളും, "ഇദ്ദേഹത്തിന്റെ പോക്കു നൊസ്സന്മാരുടെ വഴിയിലേക്കാണു്" (ഇദ്ദേഹം ഭ്രാന്തന്മാരുടെ കൂട്ടത്തിൽ കൂടിക്കഴിഞ്ഞു—ആററൂർ) എന്നാദിയായി നെററി ചുളിപ്പിക്കുന്ന ചില പ്രയോഗങ്ങളും അതിൽനിന്നും എടുത്തു കാണിക്കാവുന്നതായി തോന്നുന്നുണ്ടു്.

ഇനി ചില പദ്യങ്ങൾ എടുത്തു കാണിക്കാം. അതിൽ ഒരു സംഗതി വിശേഷാൽ പറയേണ്ടതായിത്തോന്നുന്നു. ആററൂരിന്റെ പദ്യങ്ങൾക്കു് ആദ്യഭാഗങ്ങളിലുണ്ടായിരുന്ന രചനാഗുണവും ധാടിയും മേല്പോട്ടു പോകുന്തോറും പ്രായേണ കുറഞ്ഞാണു കാണുന്നതു്. വള്ളത്തോളിന്റെ പദ്യങ്ങളുടെ സ്ഥിതി ഇങ്ങനെയല്ല. അവയ്ക്കു മിക്കതും ഉത്തരോത്തരം ഗുണങ്ങൾ കൂടുതലായിട്ടാണു കാണുന്നതു്. താഴെ ഉദ്ധരിച്ച ഗുണദോഷനിരൂപണം ചെയ്യുന്ന പദ്യങ്ങളിൽനിന്നു് ഇതു വ്യക്തമാകും.

സുതയെബ്ബലമായ് പിടിച്ചതിന്നും
മതമേകും മുനിതേവിമാന്യനാംപോൽ
മുതൽ കട്ടതുകണ്ടു കള്ളനായ്ത്താ-
നതുനല്കുംപടിയിങ്ങു ചെയ്തമൂലം.

(ആററൂർ.)

നി പുത്രിയെസ്സ്വപദി തീണ്ടിയതാദരിച്ചു-
പോരുന്ന മാമുനിശരിക്കവമാന്യനായോയ്:
കാണായതൊണ്ടിമുതൽ കള്ളനുതന്നെനല്കും-
പോലാണുചെയ്തതവിടുന്നു ഭവാങ്കലല്ലോ.

(വള്ളത്തോൾ.)

ശകുന്തളയെ താൻ പരിഗ്രഹിച്ചതായി ഓർമ്മ തോന്നുന്നില്ലെന്നു ദുഷ്യന്തൻ പറഞ്ഞപ്പോൾ കുപിതനായ ശാർങ്ഗരവൻ പറയുന്നതാണ് ഈശ്ലോകം. അങ്ങു മുനിയുടെ പുത്രിയെ ബലാൽ ധർഷണം ചെയ്തു. എന്നിട്ടും അദ്ദേഹം മകളെ അനുമോദിക്കയാണു ചെയ്യുന്നത്. അങ്ങനെയിരിക്കുന്ന മുനി അങ്ങു ചെയ്യുന്ന അവമാനത്തിന്നു് അർഹൻതന്നെയാണ്. കള്ളൻ മുതൽ മോഷ്ടിച്ചു. ഉടമസ്ഥൻ ആ മുതൽ കള്ളനു തന്നെ ദാനം ചെയ്യുന്നു. ആ മുതലുടമസ്ഥൻ കള്ളനെ എങ്ങനെ ദാനം വാങ്ങുവാൻ യോഗ്യനായി സങ്കല്പിക്കുന്നുവോ അങ്ങനെ മുനി അങ്ങയേയും മകളെ സ്വീകരിപ്പാൻ യോഗ്യനായി സങ്കല്പിച്ചിരിക്കുന്നു. അങ്ങു ചെയ്ത അപരാധത്തെ വകവെക്കാതെ, പുത്രിയെ വിവാഹം ചെയ്യുവാൻ സമ്മതിച്ചു് അങ്ങയെ യോഗ്യനാക്കിത്തീർത്ത മുനിയെ അങ്ങു് അപമാനിക്കുതന്നെയാണു വേണ്ടതു്. അവമാനിക്കുകതന്നെയാണു വേണ്ടതു് എന്നതിന്നു് ഒരു വിധത്തിലും അവമാനിക്കരുതെന്നു താല്പര്യം. പരിഭാഷകൾ രണ്ടിലും ഏകദേശം ഈ അർത്ഥം വരുന്നുണ്ടെങ്കിലും ആകപ്പാടെ ഒരു പ്രസന്നത വന്നിട്ടില്ല. മൂലത്തിലെ "കൃതാഭിമർശാം" എന്നതിന്നു് "ബലമായ്പിടിച്ചു്," "സ്വപദി തീണ്ടിയ" എന്ന രണ്ടു തർജ്ജിമകളും വാസ്തവത്തിൽ നന്നായിട്ടില്ല. "ബലമായ്പിടിക്കുക"യിൽ ഒരു ഗ്രാമ്യാർത്ഥത്തിന്റെ പ്രതീതിയുണ്ടു്; "തീണ്ടുക"യിൽ വിവക്ഷയിൽനിന്നു കവിഞ്ഞ ഒരു ദുരർത്ഥത്തിന്റേയും പ്രതീതിയുണ്ടു്. "ശരിക്കു്" എന്നതിനു മൂലത്തിൽ ശരിയായൊരു സ്ഥാനം കാണുന്നതുമില്ല. ആററൂർ തർജ്ജിമയിൽ ഉത്തരവാക്യത്തിന്റെ അർത്ഥത്തെ "ചെയ്തമൂലം" എന്നതുകൊണ്ടു ഹേതുവാക്കി പൂർവ്വവാക്യ

ത്തോടു ചേർത്ത് അന്വയിക്കേണ്ടിവരുത്തിയതും മൂലത്തിന്നു വിരുദ്ധമായിരിക്കുന്നു. രണ്ടു ശ്ലോകങ്ങളും കൂടി നോക്കുമ്പോൾ വള്ളത്തോളിന്റെതാണ് അധികം മനസ്സിൽ പതിയുന്നതെന്നുള്ളതും മറച്ചു വെക്കുവാൻ നിവൃത്തിയില്ല.

സ്ത്രീകൾക്കേററം പടുത സഹജം ജന്തുവർഗ്ഗത്തിലും താൻ
ലോകേ കാണാം പ്രതിഭ കലരുന്നോരിലോതേണ്ടതുണ്ടോ
ആകെത്തന്മക്കളെയിഹ കുയിൽപ്പെണ്ണു താനേ പറക്കാ-
റാകുന്നോളം മറുപറവയെക്കൊണ്ടു പോററുന്നുവല്ലോ.
(ആററൂർ)

തിര്യഗ്വധൂടികളിലും പഠിയാപ്പടുത്വം
കാണുന്നു; ബോധവതിമാർകളിലെന്തുപിന്നെ?
തങ്കുഞ്ഞിനെപ്പരപതത്രികളാലെയല്ലോ
പോററിപ്പു പെൺകുയിൽ, പറന്നു നടക്കുവോളം.
(വള്ളത്തോൾ)

തപോവനത്തിൽ വളൎന്ന പെണ്ണുങ്ങൾ കളവറിഞ്ഞുകൂടാത്തവരാണെന്നു ഗൗതമി പറഞ്ഞതിന്നു ദുഷ്യന്തൻ മറുപടി പറയുന്നതാണ് ഈ ശ്ലോകം. "സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു" എന്നാരംഭിക്കുന്ന ഇതിന്റെ മൂലശ്ലോകം ഒരു പഴഞ്ചൊല്ലുപോലെ പ്രസിദ്ധമായിട്ടുള്ളതാണ്. ആററൂരിന്റെ തർജ്ജിമശ്ലോകം അനാവശ്യമായ പദങ്ങൾ കുത്തിച്ചെലുത്തി തുലോം വികൃതമാക്കീട്ടുള്ളതാണെന്നു പ്രഥമദർശനത്തിൽത്തന്നെ അറിയാവുന്നതാണ്. "അശിക്ഷിതപടുത്വ"മെന്നതിന്ന് "ഏററം പടുത സഹജം" എന്നും, "അമാനുഷീഷു" എന്നതിന്നു "ജന്തുവർഗ്ഗത്തിലും താൻ" എന്നും ഉള്ള തർജ്ജിമ കവിയുടെ അശക്തിയെ കാണിക്കുന്നു. "പ്രാഗന്തരിക്ഷഗമനാൽ" എന്നതിന്നു "താനേ പറക്കാറാകുന്നോളം" എന്നത് ഒരുവിധം ഒപ്പിക്കാം. "സ്വമപത്യജാതം" എന്നതിനെ "ആകെത്തന്മക്കളെ" എന്നാക്കിയതു നല്ല ഭാഷയായില്ല. "അന്യൈർദ്വിജൈഃ പരഭൃതാഃ ഖലു പോഷയന്തി" എന്നതിനെ "ഇഹ കുയിൽപ്പെണ്ണു, മറുപറവയെക്കൊണ്ടു പോററുന്നുവല്ലോ" എന്നിങ്ങനെ നീട്ടി തർജ്ജിമ ചെയ്തിട്ടും കുയിൽപ്പെണ്ണിനും മറുപറവക്കും മൂലത്തിലുള്ള ബഹുത്വം വരുത്തുവാൻ സാധിച്ചിട്ടില്ല. വള്ളത്തോളിന്റെ വിവൎത്തനം ആകപ്പാടെ നന്നായിട്ടുണ്ട്. "അശിക്ഷിതപടുത്വ"ത്തിന്നു "പഠിയാപ്പടുത്വ"ത്തേക്കാൾ നന്നായിട്ടൊരു തർജ്ജിമ ഉണ്ടാകാവുന്ന

തല്ല. "ബോധവതിമാർകളിൾ" എന്നതിൽ ബഹുവചനപ്രത്യയം ഇരട്ടിച്ചതു വല്ല പ്രയോജനവും കരുതിട്ടാണോ എന്നറിഞ്ഞില്ല. "തങ്കുഞ്ഞിനെ" എന്നും "പെൺകുയിൽ" എന്നും ബഹുവചനപ്രത്യയം കൂടാതെ പ്രയോഗിച്ചതു ന്യൂനതതന്നെയാണു്. "പോഷയന്തി" എന്ന ക്രിയാപദത്തെ "പോററുന്നു" എന്നു് ആററൂരും "പോററിപ്പു" എന്നു വള്ളത്തോളും തർജ്ജിമ ചെയ്തിരിക്കുന്നു. അന്യരെക്കൊണ്ടു ക്രിയ ചെയ്യിക്കുകയാകയാൽ "പോററിപ്പു" എന്നതു തന്നെയാണു സാധുവെന്നു തോന്നുന്നു.

ഇവൾതൻ കളവോയെൻെറ മാവോയെന്ന ശങ്കയിൽ
കളത്രത്യാഗമോ ഭേദം പരസ്ത്രീസ്പർശപാപമോ —(ആററൂർ)

ശകുന്തളയെ നിരാകരിച്ചാലുണ്ടാവുന്ന ദോഷത്തിനും സ്വീകരിച്ചാൽ വരുന്ന ദോഷത്തിനും തമ്മിലുള്ള ഗുരുലഘുത്വത്തെക്കുറിച്ചു ദുഷ്യന്തൻ ശാർങ്ഗരവനോടു ചോദിക്കുന്നതാണു് ഈ ശ്ലോകം. ഞാൻ ഈ സ്ത്രീയെ മറന്നതായിരിക്കുമോ എന്നും ഇവൾ വ്യാജം പറഞ്ഞതായിരിക്കുമോ എന്നുമാണു് ഇവിടെ സംശയം. മറന്നതാണെങ്കിൽ നിരാകരിച്ചാൽ ഞാൻ ഭാര്യാത്യാഗം ചെയ്യുവനാകും. വ്യാജം പറഞ്ഞതാണെങ്കിൽ സ്വീകരിച്ചാൽ പരസ്ത്രീസ്പർശംകൊണ്ടു ഞാൻ പാപിയായിഭവിക്കുകയും ചെയ്യും. ഇവയിൽ ഏതാണു ഭേദം എന്നാണു പദ്യത്തിനർത്ഥം. മൂലത്തിൽ രണ്ടു ശങ്കകളെയും ത്യാഗസ്വീകാരങ്ങളാലുണ്ടാകുന്ന രണ്ടു ദോഷങ്ങളെയും പ്രത്യേകം ക്രിയാപദങ്ങളോടുകൂടി വേറെ വേറെ വാക്യമായിട്ടാണു നിബന്ധിച്ചിരിക്കുന്നതു്. ആററൂർ ആ വാക്യരീതി മാററിയിരിക്കുന്നു. കൂടാതെ മാക്കുക—വ്യാജം പറയുക എന്നിവയും, കളത്രത്യാഗിയാവുക—പരസ്ത്രീസ്പർശപാപിയാവുക എന്നിവയും മൂലകാരൻ നിബന്ധിച്ചിട്ടുള്ള ക്രമവും ആററൂർ തെററിച്ചിരിക്കുന്നു. ക്രമം തെററിയതുകൊണ്ടു് ഇവയെ യഥാസംഖ്യം ഗ്രഹിക്കുമ്പോൾ അർത്ഥത്തിനു വലുതായ അന്തരം വരുന്നു. ആററൂരിൻെറ തർജ്ജിമപ്രകാരം "ഇവൾതൻകളവും" "കളത്രത്യാഗവും" ഒരു കക്ഷ്യയിലും "എൻെറ മാവും" "പരസ്ത്രീസ്പർശപാപവും" മറേറക്കക്ഷ്യയിലുമായിട്ടാണല്ലോ നില്ക്കുന്നതു്. കളവുപററുകയാണെങ്കിൽ ഇവളെ സ്വീകരിച്ചാൽ കളത്രത്യാഗദോഷവും, മാവുപററിയതാണെങ്കിൽ സ്വീകരിക്കാതിരുന്നാൽ പരസ്ത്രീസ്പർശപാപവും എനിക്കുണ്ടാകുമെന്നാണു് ഇതിനർത്ഥം വരിക. വാസ്തവമായ അർത്ഥം ഇതിനുനേരെ വിപരീതമാ

ണെന്നു പറയേണ്ടതില്ലല്ലോ. ഈ ശ്ലോകത്തിൽ മൂലത്തിലെ വാക്യരീതി മാറിയതും ക്രമം തെറ്റിയതും നിസ്സാരമല്ലാത്ത ദോഷങ്ങൾ തന്നെയാണ്. ഇവയുടെ ഗുരുലഘുത്വത്തെപ്പറ്റി, ദുഷ്യന്തൻ ശാർങ്ഗരവനോടു ചോദിച്ചതുപോലെ, പണ്ഡിതനായ ആററൂരിനോടുതന്നെ ചോദിച്ചുകൊള്ളട്ടെ. ആററൂരിന്റെ ഈ 'ചതുഷ്പദി'യിൽനിന്നു വള്ളത്തോളിന്റെ ശ്ലോകത്തിലേയ്ക്കു കടക്കുമ്പോൾ ഇരുട്ടത്തുനിന്നു വെളിച്ചത്തേയ്ക്കു കടന്നാലുള്ള സുഖം തോന്നുന്നുണ്ട്.

മറന്നതാമോ ഹൃദി ഞാന,വാസ്തവം
പറഞ്ഞതാമോ ഇവളെന്ന ശങ്കയിൽ
വരം, കളത്രത്തെ വെടിഞ്ഞിടുന്നതോ?
പരാംഗനാസ്പർശനപങ്കമേല്പതോ?

എന്നാണു വള്ളത്തോളിന്റെ ശ്ലോകം. ഇതു മൂലാർത്ഥത്തെ യാതൊരു വ്യത്യാസവും കൂടാതെ വിശദമായിക്കാണിക്കുന്നതും രചനാഭംഗി മുതലായവകൊണ്ടു സഹൃദയഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നതുമായ ഒരു നല്ല ശ്ലോകമാണെന്ന് ആരോടും പറഞ്ഞറിയിക്കേണ്ടതില്ല.

ജാതിയിൻ തൊഴിലു ദോഷമാകിലും
യാതൊരാൾക്കതു വിട്ടൊയികൊലാ
ആടുകൊല്ലുവതിലൂക്കനെങ്കിലും
വേദിയൻ ദയയകത്തെഴുന്നവൻ.

(ആററൂർ.)

വിനിന്ദ്യമെന്നാലുമവർജ്ജ്യമല്ലോ
കുലത്തിനോരോന്നിനുമുള്ള കർമ്മം;
പശുക്കളെക്കൊല്ലുകയാം കടുംകൈ
ചെയ്യുന്നതില്ലേ കനിവുറ്റ വിപ്രൻ?

(വള്ളത്തോൾ.)

രാജഭടന്മാരുടെ പിടിയിൽപെട്ട മുക്കുവൻ താൻ മത്സ്യം പിടിച്ചിട്ടാണു ജീവിതം കഴിക്കുന്നതെന്നു പറഞ്ഞപ്പോൾ അവർ "പരിശുദ്ധമായ ജീവിതംതന്നെ" എന്നു പരിഹസിച്ചു പറഞ്ഞു. തന്റെ കുലവൃത്തിയെപ്പരിഹസിച്ചതു പൊറുക്കാതെ ആ മുക്കുവൻ പറയുന്ന മറുപടിയാണ് ഈ ശ്ലോകം. നീചപാത്രമായ മുക്കുവന്റെ സംഭാഷണമാകയാൽ ഇതിൽ നീചഭാഷതന്നെ ഉപയോഗിപ്പാൻ ആററൂർ ചെയ്ത ശ്രമം

അഭിനന്ദനീയമായിട്ടുണ്ട്. "ജാതിയിൻ തൊഴില്ല" എന്നതിലെ 'ഴ' കാരം 'യ'കാരമാക്കാതിരുന്നതു പക്ഷേ ഒരു കൈത്തെറ്റായിരിക്കാം. മൂലത്തിലെ പശുശബ്ദത്തിന്നു യജ്ഞാംശമായി വധിക്കപ്പെടുന്ന പ്രാണി എന്നാണർത്ഥം. അതിനെ 'ആടാ'ക്കിയതു വല്ല ശരിയായോ എന്നു സംശയമാണ്. "യാതൊരാൾക്കുമതുവിട്ടൊഴികൊലാ" എന്നതിലെ "യാതൊരാൾക്കും" എന്നതു "യാതൊരാളും" എന്നാകുന്നതല്ലേ ശരി എന്നും സംശയമുണ്ട്. "ദയവകത്തെയുന്നവ"നെങ്കിലും "വേദിയൻ" "ആടുകൊല്ലുവതിലൂക്കെ"ന്നാണ് എന്നല്ലേ വാക്യഘടന വേണ്ടതു് എന്നും ശങ്കയുണ്ട്. അങ്ങനെയായലല്ലേ പൂർവ്വാർദ്ധത്തിലെ സാമാന്യവാക്യത്തിന്ന് ഉത്തരാർദ്ധത്തിലെ വിശേഷവാക്യം യോജിച്ചിരിക്കുക? വള്ളത്തോളിന്റെ ശ്ലോകത്തിൽ നീചഭാഷ ഉപയോഗിക്കാതിരുന്നതുകൊണ്ടു തന്മയത്വം കുറഞ്ഞു പോയിരിക്കുന്നു. എന്നാൽ അർത്ഥത്തെസ്സംബന്ധിച്ചേടത്തോളം അതിനുള്ള മെച്ചം അനപലപനീയമാകുന്നു.

വിരഹവിക്ലബനായ ദുഷ്യന്തൻ താനെഴുതിയ ശകുന്തളയുടെ ചിത്രത്തിൽ ചിലതുകൂടി ചേർക്കാനുണ്ടെന്നു വിദൂഷകനോടു പറയുന്നു:—

മുമ്പിൽ ചേർക്കേണമാമാലിനിമണലിലിണ-
　　　പ്പെട്ട ഹംസങ്ങളേയും
പിൻഭാഗത്തെജ്ജാലത്തൊട്ടു ഹിമഗിരിതൻ-
　　　പൂതമാം പാദഭൂവും
കൊമ്പിന്മേൽ വല്ക്കലം തൂക്കിയമരവുമതിൻ
　　　കീഴിൽ വാഴുന്ന മാനിൻ
കൊമ്പിൻ തുമ്പത്തിടത്തേമിഴിയുരസി രസി-
　　　ക്കുന്ന മാൻപേടയേയും.

(ആറന്മുള.)

തീർക്കേണം പുളിനസ്ഥഹംസയുഗയാ-
　　　മമ്മാലിനീസിന്ധുവെ,-
ത്തത്തീരേ ഹരിണങ്ങൾ ചേർന്നഹിമവൽ-
　　　പുണ്യപ്രദേശത്തെയും:
ശാഖാലംബിത ചീരമായ തരുവി-
　　　ന്നൂലേ, കലക്കൊമ്പുമേൽ
വാമക്കണ്ണുരസുന്ന മാൻപിടയെയും
　　　ചേർക്കേണമെന്നുണ്ടുമേ.

(വള്ളത്തോൾ)

ഇവയിൽ ആറവരിന്റെ പദ്യം അധികം നന്നായിട്ടുണ്ടെന്നു് ആപാതത്തിൽ തോന്നും; എന്നാൽ ആലോചനയിൽ അനേകം വൈകല്യങ്ങൾ അതിലുണ്ടു്. മണൽത്തിട്ടിൽ ഹംസമിഥുനങ്ങളിരിക്കുന്ന മാലിനീനദി, അതിന്റെ ഇരുകരകളിലും ഹരിണങ്ങൾ വാഴുന്ന ഹിമവൽപാദങ്ങൾ, കൊമ്പിന്മേൽ വൽക്കലം തൂക്കിയ മരത്തിൻകീഴിൽ കൃഷ്ണമൃഗത്തിന്റെ കൊമ്പിന്മേൽ ഇടത്തേമിഴിയുരസിരസിക്കുന്ന മാൻപേട എന്നിവയെ ചിത്രത്തിൽ ചേർക്കണമെന്നാണു മൂലാർത്ഥം. തർജ്ജിമയിൽ ഹിമവൽ പാദങ്ങൾ, വല്ക്കലം തൂക്കിയ മരം, മാൻപേട എന്നിവയെയാണു ചേർക്കേണ്ടതായിപ്പറഞ്ഞതു്. മൂലത്തിലെ പ്രഥമദ്വിതീയവാക്യങ്ങളെ തർജ്ജമയിൽ കൂട്ടിച്ചേർത്തു് ഏകവാക്യമാക്കിയതുകൊണ്ടു മാലിനീനദിയുടെ പ്രാധാന്യം പോയി. മൂലത്തിലെ തൃതീയവാക്യത്തെ തർജ്ജിമയിൽ മുറിച്ചു രണ്ടാക്കിയതുകൊണ്ടു് അപ്രധാനമായ മരത്തിനു പ്രാധാന്യം വരികയും ചെയ്യു. മാലിനി, ഹിമവൽപാദം, മൃഗി എന്നിവയെ കാമധർമ്മോഭയാനുകൂലമായവിധത്തിൽ നിബന്ധിച്ച മൂലകവി അവയ്ക്കു തീർച്ചയായും പ്രാധാന്യം വിവക്ഷിച്ചിട്ടുണ്ടെന്നു വ്യക്തമാണു്. ഇങ്ങനെ അർത്ഥത്തിനു വൈകല്യം വന്നിട്ടുണ്ടെങ്കിലും കൂടി "അതിൻകീഴിൽ വാഴുന്ന മാനിൻകൊമ്പിൻ തുമ്പത്തിടത്തേ മിഴിയുരസി രസിക്കുന്ന മാൻപേടയേയും" എന്ന മധുരോദാരമായ പ്രയോഗം ആറവരിന്റെ പദ്യത്തെ ശോഭനമാക്കി ചെയ്യുന്നുണ്ടു്. വള്ളത്തോൾപ്പദ്യത്തിൻ അർത്ഥത്തിന്നു് അപകടമൊന്നുമില്ല. എങ്കിലും അതിനു് ആകപ്പാടെ ഒരു മിഴിവു പോരാ. "വാമക്കണ്ണു്" തുലോം വികൃതമാക്കുകയും ചെയ്യു.

(തുടരും)